2024 ഡിസംബർ 03 ചൊവ്വ

പീപ്പിൾസ് റിവ്യൂ

Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

ആലപ്പുഴയിൽ കെ.എസ്.ആർ.ടി.സി ബസും കാറും കൂട്ടിയിടിച്ച് അപകടം; അഞ്ച് മരണം

ഓവർലോഡ്, വാഹനത്തിൻറെ കാലപഴക്കം, അപകടത്തിലേക്ക് നയിച്ചിരിക്കാമെന്ന് ആർടിഒ



ആലപ്പുഴ: ആലപ്പുഴ ജില്ലയിലെ കളർകോട് വാഹനാപകടത്തിൽ അഞ്ച് മരണം. കെ എസ് ആർ ടി സി ബസും കാറും കൂട്ടിയിടിച്ചാണ് അപകടം. അപകടത്തിൽ അഞ്ച് പേർക്ക് ഗുരുതരമായ പരിക്കേറ്റിട്ടുണ്ട്. അപകടത്തിന് പല ഘടകങ്ങൾ കാരണമായിരിക്കാമെന്ന് ആലപ്പുഴ ആർടിഒ എകെ ദിലു. കാറിലെ ഓവർ ലോഡും വണ്ടിയുടെ പഴക്കവും അപകടത്തിന്റെ വ്യാപ്തി കൂട്ടി. ഇതിന് പുറമെ 14 വർഷം പഴക്കമുള്ള വാഹനമാണ്. ആന്റിലോക്ക് ബ്രേക് സംവിധാനം ഇല്ലാത്ത വാഹനമായിരുന്നുവെന്നും അതുണ്ടായിരുന്നുവെങ്കിൽ അപകടത്തിന്റെ തീവ്രത കുറക്കാമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

'ഓവർലോഡ്, വാഹനത്തിന്റെ കാലപഴക്കം, പ്രതികൂല കാലാവസ്ഥ, വാഹനം ഓടിച്ച വിദ്യാർത്ഥിയുടെ പരിചയക്കുറവ് എന്നിങ്ങനെ പല ഘടകങ്ങൾ അപകടത്തിലേക്ക് നയിച്ചിരിക്കാമെന്നും ആർടിഒ പറഞ്ഞു. കൂടുതൽ പേർ വാഹനത്തിലുണ്ടായിരുന്നത് അപകടത്തിന്റെ ആഘാതം വർധിക്കുന്നതിന് കാരണമായി. ഇടിയുടെ ആഘാതം മുഴുവൻ വിദ്യാർത്ഥികൾ സഞ്ചരിച്ച വാഹനത്തിലേക്ക് വന്നു. 11 കുട്ടികൾ കാറിലുണ്ടായിരുന്നുവെന്നാണ് പറയുന്നത്. ഒരുപക്ഷെ, മടിയിലൊക്കെയായിരിക്കും ഇരുന്നിട്ടുണ്ടാവുക.' ആർ.ടി.ഒ പറഞ്ഞു. പെട്ടെന്ന് ബ്രേക്കിട്ടപ്പോൾ വാഹനം തെന്നിമാറാതെ ചെരിഞ്ഞുപോയി ഇടിക്കുകയായിരുന്നു. വാഹനത്തിലെ ഓവർലോഡ് കാരണം തെറിച്ചുപോകാതെ ഇടിയുടെ ആഘാതം മുഴുവൻ ഉള്ളിലേക്ക് വരുകയും അതാണ് അപകടത്തിന്റെ വ്യാപ്തി കൂട്ടിയതെന്നും ആർടിഒ പറഞ്ഞു. തെറിച്ചുപോയിരുന്നെങ്കിൽ ആഘാതം കുറയുമായിരുന്നു. മഴ പെയ്തതും വാഹനം തെന്നിമാറാനുള്ള പ്രധാന കാരണമായി. ഡ്രൈവറുടെ പരിചയക്കുറവും കാരണമായിട്ടുണ്ടാകും. വണ്ടി ആരുടെതാണെന്നും എന്തിനാണ് ഇവർ എടുത്തതെന്നും ഇവരുമായുള്ള ബന്ധവും മറ്റുമുള്ള കാര്യങ്ങളും അന്വേഷിക്കേണ്ടതാണ്.

'റെന്റ് എ കാബ് സൗകര്യം കേരളത്തിലുണ്ട്. അത് നിയമപരമായിട്ടുള്ളതാണ്. എന്നാൽ, ഇത് അങ്ങനെ അല്ല. സ്വകാര്യ വാഹനം വിട്ടുകൊടുത്തതാണ്. ഇൻഷുറൻസ് ഉള്ള വണ്ടിയാണ്. 14 വർഷം പഴക്കമുള്ള വാഹനമായതിനാൽ തന്നെ ആന്റിലോക്ക് ബ്രേക്കിങ് സിസ്റ്റം ഈ വാഹനത്തിൽ ഇല്ല. അതിനാൽ തന്നെ പെട്ടെന്ന് ബ്രേക്കിട്ടപ്പോൾ വീൽ ലോക്കായി. അങ്ങനെ സംഭവിച്ചാൽ വാഹനം ചെരിയും. ഇതും അപകടത്തിന് കാരണമായിട്ടുണ്ടാകും. പഴയ വണ്ടിയായതിനാൽ തന്നെ അമിത വേഗതയ്ക്കുള്ള സാധ്യതയില്ല. അപകടത്തിന്റെ ദൃശ്യങ്ങൾ കൃത്യമായി പരിശോധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

അവസാന യാത്രയിലും ഒരുമിച്ച്; വേദനയിൽ വിതുമ്പി നാട്

ആലപ്പുഴ: ആലപ്പുഴയിലെ വാഹനാപകടത്തിൽ മരിച്ച അഞ്ച് മെഡിക്കൽ വിദ്യാർഥികൾക്ക് അന്ത്യയാത്ര നൽകി സഹപാഠികളും അധ്യാപകരും നാട്ടുകാരും. രാവിലെ പതിനൊന്നരയോടെയാണ് മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകിയത്. തുടർന്ന് വണ്ടാനം മെഡിക്കൽ കോളജിൽ പൊതുദർശനം. ആരോഗ്യമന്ത്രി വീണാ ജോർജ്, മന്ത്രിമാരായ സജി ചെറിയാൻ, പി പ്രസാദ്, എംഎൽഎ ചിത്തരഞ്ജൻ തുടങ്ങിയവർ മൃതദേഹങ്ങൾ ഏറ്റുവാങ്ങി. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആശുപത്രിയിലെത്തി അന്ത്യാഞ്ജലി അർപ്പിച്ചു. നൂറ് കണക്കിനാളുകളാണ് പ്രിയപ്പെട്ട വിദ്യാർഥികളെ അവസാനമായി ഒരുനോക്കുകാണാനായി എത്തിയത്.

അന്ത്യാഞ്ജലി അർപ്പിക്കുന്നതിനിടെ നിയന്ത്രിക്കാനാവാതെ മന്ത്രി വീണാ ജോർജ് വിതുമ്പി. ഒന്നരമാസം മുൻപാണ് വിദ്യാർഥികളായ ദേവനന്ദൻ, ശ്രീദേവ് വൽസൻ, ആയുഷ് ഷാജി, പിപി മുഹമ്മദ് ഇബ്രാഹിം മുഹമ്മദ് അബ്ദുൽ ജബ്ബാർ എന്നിവർ വണ്ടാനം മെഡിക്കൽ കോളജിൽ പഠിക്കാനായി എത്തിയത്. ഇതിനിടെ തന്നെ കോളജിലെ മറ്റ് വിദ്യാർഥികളുടെയും അധ്യാപകരുടെയുമെല്ലാം പ്രിയപ്പെട്ടവരായി ഇവർ മാറിയിരുന്നു. അന്ത്യാഞ്ജലി അർപ്പിക്കുന്നതിനിടെ പലരും വിങ്ങിപ്പൊട്ടി. അവസാനമായി മക്കളെ ഒരുനോക്ക് കാണാനെത്തിയ മാതാപിതാക്കളുടെ വേദന എല്ലാവരുടെ കരളലയിപ്പിക്കുന്നതായിരുന്നു.

പൊതുദർശനത്തിന് ശേഷം മൃതദേഹങ്ങൾ ആംബുലൻസിൽ അവരവരുടെ വീടുകൾ എത്തിക്കും. പാലാ മറ്റക്കരയിലെ വീട്ടിലായിരിക്കും ദേവാനന്ദിന്റെ സംസ്കാരം. നാളെ ഉച്ചയ്ക്ക് രണ്ട് മണിക്കായിരിക്കും സംസ്കാരം. ലക്ഷദ്വീപ് സ്വദേശി മുഹമ്മദ് ഇബ്രാഹിമിന്റെ ഖബറടക്കം എറണാകുളം ടൗൺ ജുമാ മസ്ജിദിൽ നടക്കും. കോട്ടയം പൂഞ്ഞാർ സ്വദേശി ആയുഷിന്റെ സംസ്കാരം കുടുംബ വീടായ ആലപ്പുഴ കാവാലത്ത് നാളെ രാവിലെ 10ന് നടത്തും. ലക്ഷദ്വീപ് സ്വദേശി ഇബ്രാഹിമിന്റെ ഖബറടക്കം എറണാകുളത്ത് നടക്കും.

ആലപ്പുഴ ടിഡി മെഡിക്കൽ കോളജിലെ ആദ്യ വർഷ വിദ്യാർഥികളായ അഞ്ചുപേരാണ് കഴിഞ്ഞ ദിവസം ദേശീയപാതയിൽ കളർകോട് ചങ്ങനാശ്ശേരി മുക്കിനു സമീപമുണ്ടായ വാഹനാപകടത്തിൽ മരിച്ചത്. വിദ്യാർഥികൾ സഞ്ചരിച്ച കാർ നിയന്ത്രണംവിട്ട് കെഎസ്ആർടിസി ബസിലേക്ക് ഇടിച്ചുകയറിയായിരുന്നു അപകടം.സംഭവത്തിൽ അഞ്ച് വിദ്യാർത്ഥികൾ തത്ക്ഷണം മരിച്ചു. മറ്റുള്ളവർ ചികിത്സയിലാണ്. കനത്ത മഴ നിലനിന്നിരുന്നതിനാൽ നിയന്ത്രണം വിട്ടതാകാം അപകട കാരണമെന്നാണ് പ്രാഥമിക നിഗമനം. അരമണിക്കൂറോളം പരിശ്രമിച്ച ശേഷമാണ് വിദ്യാർത്ഥികളെ കാറിൽ നിന്നും പുറത്തെടുക്കാനായത്. വാഹനത്തിൽ പതിനൊന്ന് പേരാണ് ഉണ്ടായിരുന്നത്.

ജയ അരിക്കും പച്ചരിക്കും സപ്ലൈകോ വില കൂട്ടി; വെളിച്ചെണ്ണ വില കുറച്ചു

SUPPLYCO
THE KERALA STATE CIVIL SUPPLIES CORPORATION

തിരുവനന്തപുരം: ജയ അരിക്കും പച്ചരിക്കും സപ്ലൈകോ വില കൂട്ടി. സബ്സിഡി ലഭിക്കുന്ന അരിക്ക് ഈ മാസം മൂന്നു രാപ വീതമാണ് കൂട്ടിയത്.

ഇതോടെ കിലോഗ്രാമിന് യഥാക്രമം 29, 33 രൂപ വീതമായി. കുറുവ, മട്ട അരികളുടെ വില മൂന്നു മാസം മുമ്പു തന്നെ വർധിപ്പിച്ചിരുന്നു. നിലവിൽ കിലോയ്ക്ക് 33 രൂപയാണ് ഇവയുടെ സബ്സിഡി വില. വൻപയറിന് നാലു രൂപയും ഈ മാസം കൂട്ടിയിട്ടുണ്ട്. ഇതോടെ കിലോഗ്രാമിന് 79 രൂപയായി. അതേസമയം വെളിച്ചെണ്ണ വില കുറച്ചു. ലിറ്ററിന് 175 രൂപയായിരുന്ന വെളിച്ചെണ്ണയ്ക്ക് 8 രൂപയാണ് കുറച്ചത്. ജിഎസ്ടി കണക്കാക്കാതെയുള്ള നിരക്കാണ് ഇത്.

വിപണി വിലയ്ക്ക് അനുസൃതമായി നിരക്കിൽ മാറ്റം വരുത്താനുള്ള തീരുമാനത്തിന്റെ ഭാഗമായിട്ടാണ് സബ്സിഡി സാധനങ്ങളുടെ വില സപ്ലൈക്കോ പുതുക്കിയത്. ചെറുപയർ (കിലോ) 90 രൂപ, ഉഴുന്ന് (കിലോ) 95 രൂപ, വൻകടല-69 രൂപ, തുവര പരിപ്പ് 115 രൂപ, പഞ്ചസാര (കിലോ) 33 രൂപ എന്നിങ്ങനെയാണ് മറ്റ് സബ്സിഡി നിരക്ക്.

പള്ളികൾ വിട്ടു നൽകണമെന്ന വിധി അന്തിമം; സഭാ കേസിൽ സുപ്രീം കോടതി

ന്യൂഡൽഹി: പള്ളി തർക്ക കേസിൽ യാക്കോബായ സഭയുടെ കൈവശമുള്ള ആറു പള്ളികളുടെ ഭരണ നിർവഹണം ഓർത്തഡോക്സ് സഭയ്ക്ക് കൈമാറണമെന്ന് സുപ്രീംകോടതി. കോടതി വിധി മാനിക്കാൻ സുപ്രീംകോടതി യാക്കോബായ സഭയോട് ആവശ്യപ്പെട്ടു. സെമിത്തേരി, സ്കൂളുകൾ, ആശുപത്രി അടക്കമുള്ള സൗകര്യങ്ങൾ എല്ലാ വിഭാഗങ്ങൾക്കും നൽകണം. ഇക്കാര്യത്തിൽ ഓർത്തഡോക്സ് സഭ സത്യവാങ്മൂലം നൽകണമെന്നും സുപ്രീംകോടതി നിർദേശിച്ചു.

ജസ്റ്റിസ് സൂര്യകാന്ത്, ജസ്റ്റിസ് ഉജ്ജൽ ഭുയാൻ എന്നിവരടങ്ങിയ ബെഞ്ചിന്റേതാണ് ഉത്തരവ്. എറണാകുളം, പാലക്കാട് ജില്ലകളിലെ ആറു പള്ളികളുടെ ഭരണം ഓർത്തഡോക്സ് വിഭാഗത്തിന് കൈമാറാനാണ് കോടതി ഉത്തരവിട്ടിട്ടുള്ളത്. ഭരണം കൈമാറാനുള്ള കോടതി ഉത്തരവ് യാക്കോബായ സഭ മനഃപൂർവം അനുസരിക്കാതിരിക്കുകയാണെന്ന് കോടതി വിമർശിച്ചു. 1934ലെ ഭരണഘടന അനുസരിച്ച് പള്ളികളുടെ ഉടമസ്ഥാവകാശം ആർക്കെന്ന് വ്യക്തതയുണ്ട്. പൊലീസിനെ നിയോഗിക്കുന്നതിലൂടെ സാഹചര്യം സങ്കീർണ്ണമാക്കുമെന്നും സുപ്രീം കോടതി അഭിപ്രായപ്പെട്ടു.

നീതി നടപ്പാക്കാനുള്ള കോടതിയുടെ ചുമതല എതിർകക്ഷികൾ മനസിലാക്കുമെന്ന് കരുതുന്നു. പള്ളികൾ ഏറ്റെടുക്കുകയെന്നാൽ എല്ലാ ഭരണകാര്യങ്ങളും ഏറ്റെടുക്കുകയെന്നാണ് അർത്ഥം. ഉത്തരവ് നടപ്പാക്കാൻ യാക്കോബായ സഭ സഹകരിക്കാത്തതെന്തെന്നും സുപ്രീം കോടതി ചോദിച്ചു. പ്രശ്ന പരിഹാരത്തിനായി സംസ്ഥാന സർക്കാർ ഇടപെടേണ്ടത് അവസാന ഘട്ടത്തിലെന്നും സുപ്രീം കോടതി അഭിപ്രായപ്പെട്ടു.

പള്ളികൾ ഓർത്തഡോക്സ് സഭയ്ക്ക് വിട്ടുനൽകണമെന്ന വിധി അന്തിമമാണെന്ന് കോടതി വ്യക്തമാക്കി. കൂടുതൽ പ്രശ്നങ്ങളിലേക്ക് പോകാതിരിക്കാൻ ആണ് കോടതി താൽപര്യപ്പെടുന്നത്. എല്ലാവർക്കും ഒന്നിച്ച് നല്ലൊരു ക്രിസ്തുമസ് ആഘോഷിക്കാനാകുമെന്നാണ് പ്രതീക്ഷ. താക്കോൽ ജില്ലാ കലക്ടർമാർക്ക് കൈമാറണമെന്നും സുപ്രീം കോടതി യാക്കോബായ സഭയോട് നിർദ്ദേശിച്ചു. കൈമാറ്റം നടപ്പാക്കിയ ശേഷം രണ്ടാഴ്ചക്കകം സത്യവാങ്മൂലം നൽകണമെന്നും സുപ്രീം കോടതി നിർദേശിച്ചു.

തർക്കം നിലനിൽക്കുന്ന എറണാകുളം, പാലക്കാട് ജില്ലകളിലെ ആറു പള്ളികളിലെ ഭരണം ഓർത്തഡോക്സ് സഭയ്ക്ക് കൈമാറാൻ ഒക്ടോബർ 17 നാണ് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചത്. യാക്കോബായ വിഭാഗത്തിന്റെ നിയന്ത്രണത്തിലുള്ള ആറ് പള്ളികൾ ഏറ്റെടുക്കാൻ പാലക്കാട്, എറണാകുളം ജില്ലാ കലക്ടർമാർക്ക് ഹൈക്കോടതി നിർദേശവും നൽകി. ഇതിനെതിരെ കേരള സർക്കാർ, കേരള പൊലീസ്, യാക്കോബായ സഭയിലെ ചില അംഗങ്ങൾ എന്നിവർ സമർപ്പിച്ച സെപ്ഷൽ ലീവ് പെറ്റീഷനിലാണ് സുപ്രീം കോടതി നിർദേശം. കേസ് ഡിസംബർ 17 ന് സുപ്രീംകോടതി വീണ്ടും പരിഗണിക്കും.

കോഴിക്കോട്–ബാലുശേരി പാത നവീകരണം ഉടൻ യാഥാർഥ്യമാക്കണം

കക്കോടി:കോഴിക്കോട്–ബാലുശേരി റോഡ് നവീകരണം ഉടൻ യാഥാർഥ്യമാക്കണമെന്ന് സിപിഐ എം കക്കോടി ഏരിയാ സമ്മേളനം ആവശ്യപ്പെട്ടു. പാത നവീകരിക്കാൻ സംസ്ഥാന സർക്കാർ 250 കോടി രൂപയുടെ ഡിപിആർ അംഗീകരിച്ചിട്ടുണ്ട്. 152 കോടി രൂപ കിഫ്ബി വഴി അനുവദിച്ചു. എന്നാൽ സംസ്ഥാനത്തിന്റെ വികസനം തകർക്കുന്നതിനായി കിഫ്ബിയെ ഇല്ലാതാക്കുന്ന സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. ഇതിനെ അതിജീവിച്ച് എത്രയും വേഗം പാത യാഥാർഥ്യമാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

ചെലപ്രം–ഒളോപ്പാറ–പൊറോത്ത്താഴം റോഡ്, ചേളന്നൂർ 7/6–കല്ലുംപുറത്ത് താഴം റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നവീകരിക്കുക, കക്കോടി പഞ്ചായത്തിനെ കോഴിക്കോട് കോർപറേഷനുമായി ബന്ധിപ്പിക്കുന്നതിന് നിർദേശിക്കപ്പെട്ട ചിറ്റടിക്കടവ് പാലം നിർമിക്കുക, നരിക്കുനി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജിയും അത്യാഹിത വിഭാഗവും അനുവദിക്കുക തുടങ്ങിയ പ്രമേയങ്ങളും സമ്മേളനം അംഗീകരിച്ചു. ഏരിയാ റിപ്പോർട്ടിൻമേലുള്ള ചർച്ചയ്ക്ക് സെക്രട്ടറി കെ എം രാധാകൃഷ്ണനും പൊതു ചർച്ചയ്ക്ക് സംസ്ഥാന കമ്മിറ്റിയംഗം എ പ്രദീപ് കുമാറും ജില്ലാ സെക്രട്ടറിയറ്റ് അംഗം മാമ്പറ്റ ശ്രീധരനും മറുപടി പറഞ്ഞു. സംസ്ഥാന കമ്മിറ്റി അംഗം കെ കെ ലതിക, ജില്ലാ സെക്രട്ടറിയറ്റ് അംഗങ്ങളായ ടി വിശ്വനാഥൻ, എം ഗിരീഷ് എന്നിവർ പങ്കെടുത്തു. ക്രഡൻഷ്യൽ റിപ്പോർട്ട് കൺവീനർ സി എം ഷാജി അവതരിപ്പിച്ചു.

എഡിഎം നവീൻ ബാബുവിന്റെ മരണം: കലക്ടർക്കും ടി.വി പ്രശാന്തിനും കോടതി നോട്ടീസ്

കണ്ണൂർ: എഡിഎം നവീൻ ബാബുവിന്റെ മരണത്തിൽ തെളിവുകൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കുടുംബം സമർപ്പിച്ച ഹരജിയിൽ കണ്ണൂർ കലക്ടർക്കും ടി.വി പ്രശാന്തിനും കോടതി നോട്ടീസയക്കും. കണ്ണൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്. കേസിൽ സിബിഐ അന്വേഷണം ആവശ്യപ്പെട്ട് നവീൻ ബാബുവിന്റെ കുടുംബം നേരത്തെ ഹൈക്കോടതിയെ സമീപിച്ചിരുന്നു.

കേസിലെ ഡിജിറ്റൽ തെളിവുകൾ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടാണ് നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷ കോടതിയിൽ ഹരജി നൽകിയത്. സിസിടിവി ദൃശ്യങ്ങൾ, ഫോൺ രേഖകൾ തുടങ്ങിയവ സംരക്ഷിക്കണമെന്നാണ് കുടുംബത്തിന്റെ ആവശ്യം. എന്നാൽ കേസിൽ കക്ഷിയല്ലാത്ത കലക്ടറുടെയും പ്രശാന്തന്റെയും ഫോൺ പരിശോധിക്കുന്നത് അവരുടെ സ്വകാര്യതയുടെ ലംഘനമാവുമെന്ന് പ്രോസിക്യൂഷൻ കോടതിയെ അറിയിച്ചു. ഇതിനെ തുടർന്നാണ് രണ്ടുപേർക്കും നോട്ടീസ് അയക്കാൻ കോടതി നിർദേശിച്ചത്. ഹരജി ഈ മാസം 10ന് വീണ്ടും പരിഗണിക്കും.

രാഹുൽ ഗാന്ധി നാളെ സംഭൽ സന്ദർശിക്കും; വെടിവെപ്പിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളെ കാണും

ന്യൂഡൽഹി: പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി നാളെ സംഭൽ സന്ദർശിക്കും. നാളെ രാവിലെ രാഹുൽ സംഭലിലേക്ക് തിരിക്കുമെന്നാണ് വിവരം. പൊലീസ് വെടിവെപ്പിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങളുമായി രാഹുൽ കൂടിക്കാഴ്ച നടത്തും. ഷാഹി മസ്ജിദിലെ സർവേയുമായി ബന്ധപ്പെട്ട് നവംബർ 24ന് സംഭലിലുണ്ടായ സംഘർഷത്തിൽ അഞ്ചുപേരെ പൊലീസ് വെടിവെച്ചു കൊലപ്പെടുത്തിയിരുന്നു. നിരവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

യുപി കോൺഗ്രസ് അധ്യക്ഷൻ അജയ് റായിയുടെ നേതൃത്വത്തിലുള്ള സംഘം കഴിഞ്ഞ ദിവസം സംഭൽ സന്ദർശിക്കാൻ എത്തിയിരുന്നെങ്കിലും പൊലീസ് തടയുകയായിരുന്നു. മുസ്ലിം ലീഗ് എംപിമാരുടെ സംഘത്തെയും പൊലീസ് യുപി അതിർത്തിയിൽ തടഞ്ഞു തിരിച്ചയക്കുകയായിരുന്നു. ഡിസംബർ 10 വരെ അധികാരികളുടെ അനുമതിയില്ലാതെ സംഘർഷബാധിത ജില്ലയിൽ രാഷ്ട്രീയക്കാരോ സാമൂഹിക സംഘടനാ പ്രതിനിധികളോ അടക്കം പുറത്തുനിന്നുള്ള ആരും പ്രവേശിക്കരുത് എന്നാണ് ജില്ലാ മജിസ്ട്രേറ്റിന്റെ ഉത്തരവ്.

മധു മുല്ലശ്ശേരി ബിജെപിയിൽ; കെ. സുരേന്ദ്രനിൽ അംഗത്വം ഏറ്റുവാങ്ങും

തിരുവനന്തപുരം: സിപിഎം മംഗലപുരം മുൻ ഏരിയ സെക്രട്ടറി മധു മുല്ലശ്ശേരി ബിജെപിയിൽ . ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രനിൽ നിന്ന് നാളെ അംഗത്വം ഏറ്റുവാങ്ങും. കേന്ദ്രമന്ത്രി സുരേഷ് ഗോപി അടക്കമുള്ളവർ മധുവിനെ കാണാൻ വീട്ടിലെത്തി. ബിജെപിയിൽ ചേരുമെന്ന വാർത്തകൾക്ക് പിന്നാലെ രാവിലെ മധുവിനെ സിപിഎമ്മിൽ നിന്ന് പുറത്താക്കിയിരുന്നു.

മൂന്നാം തവണയും മംഗലപുരം ഏരിയ സെക്രട്ടറി സ്ഥാനം കിട്ടാതായതോടെയാണ് മധു മുല്ലശ്ശേരി ഏരിയ സമ്മേളനത്തിൽ നിന്നിറങ്ങിപ്പോയത്. ജില്ലാ സെക്രട്ടറി വി.ജോയിക്കെതിരെ ഗുരുതരാരോപണങ്ങളും ഉന്നയിച്ചു. ഇന്നലെ രാവിലെ ചേർന്ന ജില്ലാ സെക്രട്ടറിയേറ്റ് യോഗം മധുവിനെ പാർട്ടിയിൽ നിന്ന് പുറത്താക്കാൻ തീരുമാനിക്കുകയും സംസ്ഥാന സെക്രട്ടറിയേറ്റിന് ശിപാർശ കൈമാറുകയും ചെയ്തു. ഇന്ന് രാവിലെ സംസ്ഥാന നേതൃത്വം അതിന് അംഗീകാരം നൽകി. ഏരിയ സെക്രട്ടറി ആയിരിക്കെ തന്നെ ബിജെപിയുമായി മധു മുല്ലശ്ശേരി അടുത്തിരുന്നുവെന്ന വിവരം കിട്ടിയിരുന്നുവെന്ന് ജില്ലാ സെക്രട്ടറി വി.ജോയ് പറഞ്ഞു.കേന്ദ്രമന്ത്രി സുരേഷ് ഗോപി ,മുൻ കേന്ദ്രമന്ത്രി വി.മുരളീധരൻ,ജില്ലാ പ്രസിഡൻറ് വി.വി രാജേഷ് അടക്കമുള്ളവർ മധുവൻറെ വീട്ടിലെത്തി പാർട്ടിയിലേക്ക് ക്ഷണിച്ചു. തൊട്ടു പിന്നാലെ ബിജെപിയിൽ ചേരുന്നതായി മധു മുല്ലശ്ശേരി പ്രഖ്യാപിച്ചു. മുല്ലശ്ശേരിയുടെ മകനും ഡിവൈഎഫ്ഐ മേഖലാ സെക്രട്ടറിയും പാർട്ടി ലോക്കൽ കമ്മിറ്റി അംഗവുമായ മിഥുനും ബിജെപിയിൽ ചേരുന്നുണ്ട്.

വിമാനത്താവളത്തിലേക്കുള്ള റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കണം': മേവ

ജിദ്ദ: കോഴിക്കോട് വിമാനത്താവളത്തിലേക്ക് മേലങ്ങാടി വഴി പോകുന്ന റോഡിന്റെ ശോച്യാവസ്ഥ അടിയന്തിരമായി പരിഹരിക്കണമെന്ന് വിമാനത്താവള പരിസരവാസികളുടെ ജിദ്ദയിലെ കൂട്ടായ്മയായ മേലങ്ങാടി വെൽഫയർ അസോസ്സിയേഷൻ (മേവ) ആവശ്യപ്പെട്ടു. വർഷങ്ങളായി അറ്റകുറ്റപണികൾ നടത്താതെ പോകുന്നതിൽ മേവ എക്സികൂട്ടീവ് കമ്മറ്റി പ്രതിഷേധം രേഖപ്പെടുത്തി. കൊണ്ടോട്ടിയിൽ നിന്നും വിമാനത്താവളത്തിലേക്ക് ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ സാധിക്കുന്ന മേലങ്ങാടി-എയർപോർട്ട് റോഡ് പ്രവാസികളും നാട്ടുകാരും ഹജ്ജ്-ഉംറ തീർഥാടകരും ഒരുപോലെ ഉപയോഗിച്ച് വരുന്ന വളരെ പ്രധാനപ്പെട്ട പാതയാണ്. എന്നാൽ വലിയ ഗർത്തങ്ങൾ രൂപപ്പെട്ട് ഉപയോഗിക്കാൻ കഴിയാത്തവിധം റോഡ് തകർന്നിട്ട് വർഷങ്ങളായി. ഗർഭിണികളും വൃദ്ധരും രോഗികളും ഏറെ പ്രയാസപ്പെട്ടാണ് ഈ റോഡിലൂടെ യാത്ര ചെയ്യുന്നത്. വിമാനത്താവളത്തിൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും അവിടേക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഈ റോഡിൽ വർഷങ്ങളായി യാതൊരുവിധ അറ്റകുറ്റപണികളും നടത്തിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് മേവ എക്സികൂട്ടീവ് കമ്മിറ്റി അധികൃതരോടാവശ്യപ്പെട്ടു.

വിമാനത്താവള പരിസരവാസികളോട് എയർപോർട്ട് അതോറിറ്റി സ്വീകരിക്കുന്ന ജനദ്രോഹ നടപടികൾ അവസാനിപ്പിക്കണമെന്നും മേവ ആവശ്യപ്പെട്ടു. വീടുകൾ നിർമിക്കാൻ പോലും എൻ.ഒ.സി നൽകാതെ എയർപോർട്ട് അതോറിറ്റി പരിസരവാസികളെ ദ്രോഹിക്കുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്. പാർപ്പിടാവശ്യത്തിനായി രണ്ടുനില വീടുകൾ വരെ നിർമിക്കാൻ എൻ.ഒ.സി നൽകാമെന്നിരിക്കെ അനുമതി നൽകാതെ പരിസരവാസികളെ ദ്രോഹിക്കുന്ന നിലപാടിൽ നിന്ന് അതോറിറ്റി പിൻമാറണം. വിമാനത്താവള വികസനത്തിന് ആവശ്യമായ ഭൂമി വിട്ടുനൽകിയാൽ എൻ.ഒ.സികൾ നൽകുന്നതിൽ ഉദാര സമീപനം സ്വീകരിക്കുമെന്ന് അതോറിറ്റി ഉറപ്പ് നൽകിയതായിരുന്നു. എന്നാൽ ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതോടെ എൻ.ഒ.സി നൽകുന്നതിൽ നിയന്ത്രണം കർശമാക്കുന്ന നിപാടാണ് അതോറിറ്റി സ്വീകരിച്ചത്. അതേ സമയം ജനങ്ങൾ തിങ്ങി താമസിക്കുന്ന സ്ഥലത്ത് വിഷവാതകം പുറത്ത് വിടുന്ന റെഡി മിക്സിംങ് പ്ലാന്റിന് അനുമതി നൽകാൻ അതോറിറ്റി തിടുക്കം കാട്ടുകയും ചെയ്തു. ഇതെല്ലാം പരിസരവാസികളെ ദ്രോഹിക്കുന്നതിന് വേണ്ടിയാണെന്നും മേവ കുറ്റപ്പെടുത്തി.

പ്രസിഡണ്ട് ചുള്ളിയൻ ബഷീറിൻറെ അധ്യക്ഷതയിൽ നടന്ന എക്സികൂട്ടീവ് കമ്മിറ്റി യോഗത്തിൽ ജനറൽ സെക്രട്ടറി സലീം മധുവായി സ്വഗതവും, ട്രഷറർ കെ.കെ ഫൈറൂസ് നന്ദിയും പറഞ്ഞു.

ഒപി ടിക്കറ്റിന് 10 രൂപ; പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ്

കോഴിക്കോട് : ഒപി ടിക്കറ്റ് നിരക്ക് വർധനവിനെതിരെ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ്. കോഴിക്കോട് മെഡിക്കൽ കോളജിലാണ് പ്രതിഷേധ സമരം നടന്നത്. മെഡിക്കൽ കോളജ് സൂപ്രണ്ട് ഓഫിസിൽ കുത്തിയിരുന്ന് ഉപരോധിച്ചാണ് സമരം നടത്തിയത്. ഇന്നലെ (ഡിസംബർ 01) മുതലാണ് ഇതുവരെ സൗജന്യമായിരുന്ന ഒപി ടിക്കറ്റിന് പത്ത് രൂപ ഫീസ് ഈടാക്കി തുടങ്ങിയത്. മെഡിക്കൽ കോളജ് ആശുപത്രി വികസന സമിതിയാണ് നിരക്ക് വർധന ഏർപ്പെടുത്തിയത്. ഡെന്റൽ കോളജ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചെസ്റ്റ് ഡിസീസസ് എന്നിവിടങ്ങളിലും വർധിപ്പിച്ച ഒപി ഫീസ് തന്നെയാകും രോഗികളിൽ നിന്നും ഈടാക്കുക. ഈ നിരക്ക് വർധന സാധാരണക്കാരായ രോഗികൾക്ക് താങ്ങാവുന്നതിലും അപ്പുറമാണെന്ന് ചൂണ്ടിക്കാട്ടിയാണ് യൂത്ത് കോൺഗ്രസ് പ്രതിഷേധവുമായി രംഗത്തെത്തിയത്.

കോഴിക്കോട് മെഡിക്കൽ കോളജ് ഒപി ടിക്കറ്റ് നിരക്ക് വർധനവിനെതിരെ യൂത്ത് കോൺഗ്രസ് പ്രതിഷേധിച്ചപ്പോൾ.

രാവിലെ നിരക്ക് വർധനക്കെതിരെ യൂത്ത് കോൺഗ്രസ് പ്രവർത്തകർ സൂപ്രണ്ടുമായി ചർച്ച ചെയ്തെങ്കിലും നിരക്ക് പിൻവലിക്കാൻ തയ്യാറായില്ല. ഇതിനെ തുടർന്നാണ് പ്രതിഷേധവുമായി യൂത്ത് കോൺഗ്രസ് പ്രവർത്തകർ ഉപരോധം ആരംഭിച്ചത്. തുടർന്ന് ഓഫിസിന് മുൻപിൽ കുത്തിയിരുന്ന് യൂത്ത് കോൺഗ്രസ് പ്രവർത്തകർ മുദ്രാവാക്യം മുഴക്കി.

ഏറെനേരം ഉപരോധം നീണ്ട് നിന്നതോടെ മെഡിക്കൽ കോളജ് പൊലീസ് സ്ഥലത്തെത്തി പ്രവർത്തകരെ അറസ്റ്റ് ചെയ്ത് നീക്കി. വരും ദിവസങ്ങളിലും ഒപി ടിക്കറ്റ് നിരക്ക് വർധനക്കെതിരെ ശക്തമായ പ്രതിഷേധ സമരങ്ങൾ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഉണ്ടാകുമെന്ന സൂചനയാണ് ലഭിക്കുന്നത്.

ഇടിഞ്ഞു താഴ്ന്ന കിണർ

കൊയിലാണ്ടിയിൽ കിണർ ഇടിഞ്ഞു താഴ്ന്നു

കോഴിക്കോട് കനത്ത മഴയെത്തുടർന്ന് ജില്ലയിൽ കൊയിലാണ്ടി അരിക്കുളത്ത് കിണർ ഇടിഞ്ഞു താഴ്ന്നു. പഞ്ചായത്ത് കുടിവെള്ള പദ്ധതിയുടെ കിണറാണ് ഇടിഞ്ഞു താഴ്ന്നത്. അരിക്കുളം നടുവിലടത്ത് മീത്തൽ കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതിയുടെ കിണറാണിത്. കാനത്ത് മീത്തൽ ബിജുവിന്റെ വീടിനോട് ചേർന്ന കിണർ ഉഗ്രശബ്ദത്തോടെ ഇടിഞ്ഞു താഴുകയായിരുന്നു. രാത്രി ഏഴ് മണിയോടെയാണ് സംഭവമുണ്ടായത്. സമീപത്തെ വീട് അപകട ഭീഷണിയിലാണ്. കോഴിക്കോട് ജില്ലയിൽ റെഡ് അലർട്ട് തുടരുന്ന സാഹചര്യത്തിലാണ് സംഭവമുണ്ടായിരിക്കുന്നത്.

അതേസമയം, സംസ്ഥാനത്ത് മഴ തുടരുകയാണ്. നിലവിൽ അഞ്ച് ജില്ലകളിൽ ഓറഞ്ച് അലർട്ട് നിലവിലുള്ളത്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ റെഡ് അലർട്ട് തുടരുകയാണ്. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ യെല്ലോ അലർട്ട് ആണുള്ളത്. കനത്ത മഴയെത്തുടർന്ന് വിവിധ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി പ്രഖ്യാപിച്ചത്. തൃശൂർ, കാസർഗോഡ്, മലപ്പുറം, ആലപ്പുഴ ജില്ലകളിലാണ് നാളെ അവധി പ്രഖ്യാപിച്ചിട്ടുള്ളത്. കോട്ടയം ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

തെക്കൻ കർണാടകയ്ക്കും മുകളിൽ ന്യൂനമർദ്ദമായി വീണ്ടും ശക്തി കുറഞ്ഞു. നാളെയോടെ വടക്കൻ കേരളം കർണാടകയ്ക്ക് മുകളിലൂടെ അറബിക്കടലിൽ പ്രവേശിക്കാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. സംസ്ഥാനത്ത് പരക്കെ മഴ തുടരുകയാണ്. നാളെ വരെ അതിശക്തമായി മഴ പെയ്യുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പുണ്ട്. ഫെഞ്ചാൻ ചുഴലികാറ്റിന്റെ സ്വാധീന ഫലമായാണ് മഴ. നാളെയോടെ മഴയുടെ ശക്തി കുറയുമെന്നും മുന്നറിയിപ്പുണ്ട്.

നിലവാരം രാജ്യാന്തരം; പക്ഷേ, ഇരുന്നു കഴിക്കാനൊരു ഭക്ഷണശാലയില്ല

കോഴിക്കോട്: നിലവാരം രാജ്യാന്തരം, ദിവസവും ആയിരക്കണക്കിനു യാത്രക്കാർ, വരുമാനമോ കോടികൾ. പക്ഷേ, ഇരുന്നു കഴിക്കാനൊരു ഭക്ഷണശാലയില്ല! സ്റ്റേഷൻ നവീകരണത്തിന്റെ പേരിൽ പ്ലാറ്റ്ഫോമിലെ ഏക ഭക്ഷണശാലയുടെ ലൈസൻസ് പുതുക്കി നൽകാതെ പൂട്ടിയതോടെ കോഴിക്കോട് റെയിൽവേ സ്റ്റേഷന്റെ അവസ്ഥ ഇതാണ്.5 വർഷ കാലാവധിയുള്ള ലൈസൻസ് 2 വർഷം തികച്ചതോടെ ഈ മാസം 26ന് ആണു പ്രവർത്തനം റെയിൽവേ അവസാനിപ്പിച്ചത്.

3 വർഷം കാലാവധി ബാക്കി നിൽക്കുന്നതു ചൂണ്ടിക്കാട്ടി കരാറുകാരൻ കോടതിയെ സമീപിച്ച അവസരത്തിൽ ഭക്ഷണശാല പെളിച്ചുനീക്കുകയും ചെയ്തു. എന്നാൽ, പകരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യത്തിൽ റെയിൽവേ തികഞ്ഞ അനാസ്ഥയാണ് പുലർത്തുന്നത്.

ഒന്നാം പ്ലാറ്റ്ഫോമിൽ 3 ഫുഡ് പ്ലാസകളാണ് ഐആർസിടിസി അനുവദിച്ചിരുന്നത്. ഇതിൽ രണ്ടെണ്ണം ഒരു വർഷം മുൻപ് അടച്ചു. പിന്നീട് ഒരെണ്ണം മാത്രമാണ് പ്രവർത്തിച്ചിരുന്നത്. അതിൽ വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ ഭക്ഷണങ്ങൾ ലഭിച്ചിരുന്നു. ആകെയുണ്ടായിരുന്ന ഭക്ഷണശാല പൂട്ടിയതോടെ യാത്രക്കാർ പ്ലാറ്റ്ഫോമിലെ സ്റ്റാളുകളെ ആശ്രയിക്കേണ്ട സാഹചര്യമാണ്.

ഒന്നാം പ്ലാറ്റ്ഫോമിൽ ആറും, നാലിൽ നാലും സ്റ്റാളുകളാണു പ്രവർത്തിക്കുന്നത്. അവയിലൂടെ കൂടുതൽ ഭക്ഷണസാധനങ്ങൾ വിതരണം ചെയ്യാൻ ക്രമീകരണം ഒരുക്കിയിട്ടുണ്ടെന്നാണു റെയിൽവേ വിശദീകരിക്കുന്നത്. എന്നാൽ, ഇതു ഫലപ്രദമല്ലെന്നു യാത്രക്കാരുടെ പ്രതികരണങ്ങൾ വ്യക്തമാക്കുന്നു.

സ്റ്റാളുകളിൽ ചോറ്, ചപ്പാത്തി, കറി, ദോശ തുടങ്ങിയ വിഭവങ്ങളൊന്നും ലഭ്യമല്ല. ബിരിയാണിയാണു ലഭിക്കുന്നത്.

സൗദി അറേബ്യയിൽ വാഹനാപകടം; മലയാളി യുവാവ് മരിച്ചു

റിയാദ്: സൗദി തെക്കൻ പ്രവിശ്യയായ അസീറിൽ ഉണ്ടായ വാഹനാപകടത്തിൽ മലയാളി യുവാവ് മരിച്ചു. മലപ്പുറം മൂന്നിയൂർ ആലിൻ ചുവട് സ്വദേശി നരിക്കോട്ട് മേച്ചേരി ഹസ്സൻകുട്ടി ഹാജിയുടെ മകൻ നൂറുദ്ധീൻ (41) ആണ് മരിച്ചത്. ഞായറാഴ്ച പുലർച്ചെ മൂന്നിന് ബിഷയിൽ വെച്ച് ഇദ്ദേഹം ഓടിച്ച വാഹനം അപകടത്തിൽപെടുകയായിരുന്നു. മൃതദേഹം ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. ഭാര്യ: നഷീദ. മക്കൾ: ആസ്യ, റയ്യാൻ, അയ്. മാതാവ്: ആയിഷ.

സഹോദരങ്ങൾ: ശറഫുദ്ധീൻ (സൗദി), മുഹമ്മദ് ഹനീഫ (അബുദാബി), ഖദീജ, ഹസ്സ, ഹഫ്സത്ത്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മൃതദേഹം നാട്ടിൽ കൊണ്ടുപോകുമെന്ന് ഖമീസ് മുശൈത്ത് സെൻട്രൽ കമ്മിറ്റി പ്രസിഡൻറ് ബഷീർ മുന്നിയൂർ അറിയിച്ചു. ബിഷ കെ.എം.സി.സി പ്രസിഡൻറ് ഹംസ തൈക്കണ്ടിയാണ് നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

'വാടക ബാങ്ക്' അക്കൗണ്ടുകൾ വർധിക്കുന്നതായി സൈബർ പൊലീസ്

കോഴിക്കോട്: ജില്ലയിൽ 'വാടക ബാങ്ക്' അക്കൗണ്ടുകൾ വർധിക്കുന്നതായി സൈബർ പൊലീസ്. രാജ്യത്തുടനീളം ഓൺലൈൻ തട്ടിപ്പ് വഴി കൈക്കലാക്കിയ കോടിക്കണക്കിന് രൂപ സമാഹരിക്കുന്നതിനാണ് തട്ടിപ്പ് സംഘങ്ങൾ ബാങ്ക് അക്കൗണ്ടുകൾ 'വാടക'യ്ക്കെടുക്കുന്നത്. കോളേജ് വിദ്യാർഥികളും യുവാക്കളുമാണ് കൂടുതലും അക്കൗണ്ടുകൾ 'വാടകയ്ക്ക്' നൽകുന്നത്. ?ഗുരുതര കുറ്റകൃത്യമാണെന്നറിയാതെയാണ് അധികമാളുകളും നിയമലംഘനത്തിന് കൂട്ടുനിൽക്കുന്നത്.

ഇപ്രകാരം നിരവധി പേർ സൈബർ കുറ്റകൃത്യത്തിൽ ഉൾപ്പെട്ടു. ജില്ലയിൽ രജിസ്റ്റർ ചെയ്ത സൈബർ തട്ടിപ്പു കേസുകളിൽ പിടിയിലായ മൂന്ന് കോളേജ് വിദ്യാർഥികൾ, പുതുതായി ആരംഭിച്ച അക്കൗണ്ടുകൾ വഴി പണം ഏജന്റുമാർക്ക് കൈമാറിയവരാണ്. ഇവരിൽ രണ്ടുപേർ ആലപ്പുഴ സ്വദേശികളും ഒരാൾ പന്തീരാങ്കാവുകാരനുമാണ്.

നിശ്ചിത തുക വാഗ്ദാനം നൽകി യുവാക്കളെയാണ് ബാങ്ക് അക്കൗണ്ടിനായി ഏജന്റുമാർ സമീപിക്കുന്നത്. പണമിടപാട് നടത്താൻ തയ്യാറായവരോട് പുതുതലമുറ ബാങ്കുകളിൽ പുതിയ അക്കൗണ്ടെടുക്കാൻ ആവശ്യപ്പെടും. ഒന്നിലധികം അക്കൗണ്ട് ഉള്ളവരാണെങ്കിൽ ഉപയോഗിക്കാത്തത് നൽകണം. തുടർന്ന് അക്കൗണ്ട് നമ്പർ ഏജന്റിന് കൈമാറും. ഈ അക്കൗണ്ടിലേക്കാണ് വിവിധ ഘട്ടങ്ങളിലായി ലക്ഷങ്ങൾ എത്തുന്നത്. തട്ടിപ്പുസംഘം ഇത് മറ്റു അക്കൗണ്ടുകളിലേക്ക് ചെറിയ തുകയാക്കി കൈമാറും. വാടകക്കാർക്ക് ലക്ഷത്തിന് 500 രൂപയാണ് കമീഷൻ. ചിലത് മാസത്തിൽ 5000 വാടക എന്നതുമുണ്ട്. തുക ചെക്ക് വഴി പിൻവലിച്ച് കൈമാറാമെന്ന വ്യവസ്ഥയുമുണ്ട്.

ഓരോ തവണ ഇടപാടുകൾ നടത്തുമ്പോഴും നിശ്ചിത തുക അക്കൗണ്ട് ഉടമകൾക്ക് ലഭിക്കും. രണ്ടുലക്ഷം രൂപ പിൻവലിച്ച് നൽകിയത് വഴി 20,000 രൂപ ലഭിച്ചവരുണ്ട്. ഓരോ ഏജന്റുമാരും വ്യത്യസ്ത തുകകളാണ് പ്രതിഫലമായി നൽകുന്നത്. ഒരു തവണ പണം ലഭിച്ചവർ സുഹൃത്തുക്കൾക്കും പരിചയമുള്ളവർക്കും വിവരം കൈമാറും. തുടർന്ന് അവരും ഇതിൽ കണ്ണികളാകും.

സൈബർ തട്ടിപ്പിനിരയാകുന്നവർ നൽകുന്ന വിവരമനുസരിച്ച് പണമെത്തിയ ബാങ്ക് അക്കൗണ്ടുകളാണ് പൊലീസ് മരവിപ്പിക്കുക. ആ സമയത്താണ് വാടക ബാങ്ക് അക്കൗണ്ട് ഉടമകൾ സംഭവം അറിയുക. സ്വാഭാവികമായും ഇവരും കേസിൽ പ്രതികളാകുമെന്ന് പൊലീസ് അറിയിച്ചു. ഇത്തരം വാഗ്ദാനങ്ങളിൽ വീണുപോകരുതെന്നും പൊലീസ് മുന്നറിയിപ്പ് നൽകി.

കെഎസ്ആർടിസി ബസുകൾ കൂട്ടിയിടിച്ച് 31 പേർക്ക് പരുക്ക്

പേരാവൂർ: ഇരിട്ടി പേരാവൂർ റോഡിലെ കല്ലേരിമലയിൽ കെഎസ്ആർടിസി ബസുകൾ തമ്മിൽ കൂട്ടിയിടിച്ച് 31 പേർക്ക് പരുക്ക്. മാനന്തവാടിയിൽ നിന്ന് പയ്യന്നൂരിലേക്ക് പോകുകയായിരുന്ന ബസും ഇരിട്ടിയിൽ നിന്ന് മാനന്തവാടിയിലേക്ക് പോകുകയായിരുന്ന ബസും തമ്മിലാണ് പെരുമ്പുന്നയ്ക്ക് സമീപം കല്ലേരിമല ഇറക്കത്തിൽ കൂട്ടിയിടിച്ചത്. രണ്ട് ബസുകളുടെയും മുൻഭാഗം തകർന്നു. പയ്യന്നൂർ ബസ് റോഡരികിലെ മരത്തിൽ ചെന്നിടിച്ചാണ് നിന്നത്. പരുക്കേറ്റവരെ പേരാവൂർ താലൂക്ക് ആശുപത്രിയിലും സൈറസ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. ആരുടെയും നില ഗുരുതരമല്ല. ഇന്നലെ വൈകിട്ട് മൂന്നരയോടെ മഴയുള്ള സമയത്താണ് അപകടം ഉണ്ടായത്.

പേരാവൂർ ഫയർഫോഴ്സും പൊലീസും നാട്ടുകാരും ചേർന്ന് യാത്രക്കാരെ ആശുപത്രികളിൽ എത്തിച്ചു. ഉരുവച്ചാൽ സ്വദേശിനി രാധിക (24), വേങ്ങരയിലെ സുജാത (54),ലക്ഷ്മണൻ (65), കേളകത്തെ വിജയശ്രീ (51), മണത്തണയിലെ അലീന (22), ലിസി (51) മാനന്തവാടിയിലെ ആൽബിൻ സേവ്യർ (23), കാക്കയങ്ങാട്ടെ അഭിനന്ദ് (21), ഫെബിന (23), കരിമ്പത്തെ ശാന്തമ്മ (65), മണ്ണാർക്കാട്ടെ സഫ്വാൻ (23), കൊട്ടിയൂരിലെ സോമൻ (73), ഡോ.അതുല്യ ടി പോൾ (30), പൈസക്കരിയിലെ ഷേർളി (40), തരൂരിലെ മുഹമ്മദ് സെയ്ത് (38), വേക്കളത്തെ പ്രഭാകരൻ (69), ഉഷ (57), ഡ്രൈവർ ജോസ് (48), പാത്തുക്കുട്ടി (70), ശ്രീഷ്മ (34), സേവ്യർ (58), ഉഷ (52), കരോളിൻ (12), എയ്ഞ്ചൽ റോസ് (17), ജെൻസി (44), ഷിനു (46), ഹാജിറ (48), ഷാഹിന (19), ഹംസ (70), ഇന്ദിര (65), മിലാനൂർ (25), അജ്നുൾ (26) എന്നിവർക്കാണ് പരുക്കേറ്റത്.

അപകട കാരണം വൈദ്യുതത്തൂൺ

ന്ഇരിട്ടിയിൽ നിന്ന് മാനന്തവാടിയിലേക്ക് പോകുകയായിരുന്ന ബസ് ടാറിങ്ങിനോട് ചേർന്ന് റോഡരികിൽ കാട് മൂടിയ നിലയിൽ നിന്നിരുന്ന വൈദ്യുതത്തൂൺ ഒഴിവാക്കാൻ വേണ്ടി ശ്രമിച്ചതാണ് അപകടത്തിന് കാരണമായത്. റോഡരികിലെ ടാറിങ്ങിനോട് അപകടകരമായ വിധം ചേർന്നുനിന്നിരുന്ന വൈദ്യുതത്തൂൺ മഴയും കോടയും ഉണ്ടായിരുന്നതിനാൽ പെട്ടെന്ന് ശ്രദ്ധയിൽ പെട്ടില്ല.

പേരാവൂർ ഇരിട്ടി റോഡിൽ കല്ലേരിമലയിൽ കെഎസ്ആർടിസി ബസുകൾ കൂട്ടിയിടിച്ചുണ്ടായ അപകടം.

മാനസിക ആരോഗ്യം; മനഃശാസ്ത്രജ്ഞരെ തിരയുന്നതിൽ കോഴിക്കോട് മൂന്നാമത്

ന്യൂഡൽഹി: മാനസിക ആരോഗ്യത്തെക്കുറിച്ചുള്ള ഇന്റർനെറ്റ് സെർച്ചുകൾ 41 ശതമാനം വർധിച്ചതായി ജസ്റ്റ് ഡയൽ റിപ്പോർട്ട്. 2024 ഒക്ടോബർ വരെയുള്ള കണക്കാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. 2023-ലെ കണക്കുകൾ അപേക്ഷിച്ച് മാസിക ആരോഗ്യത്തെക്കുറിച്ചുള്ള സെർച്ചുകളിൽ 41 ശതമാനം വർധനവുണ്ടായതായാണ് പറയുന്നത്. അതേസമയം, ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ 23 ശതമാനം ഉയർന്നതായും റിപ്പോർട്ട് വ്യക്തമാക്കുന്നു.

ആരോഗ്യസംരക്ഷണത്തെക്കുറിച്ചുള്ള ഇന്ത്യക്കാരുടെ മുൻഗണനകളിലുണ്ടാകുന്ന മാറ്റത്തിൻറെ സൂചകംകൂടിയാണ് ഈ റിപ്പോർട്ട്. മനഃശാസ്ത്രജ്ഞർക്കായുള്ള തിരച്ചിലിൽ കൊൽക്കത്തെ (43%), മുംബൈ (36%), കോഴിക്കോട് (29%) എന്നീ നഗരങ്ങളാണ് മുന്നിൽ. പ്രസവചികിത്സയ്ക്കായുള്ള തിരച്ചിലിലും 28 ശതമാനം വർധനവുണ്ടായി. പുണെ(33%), ഹൈദരാബാദ് (31%), മുംബൈ (29%) തുടങ്ങിയ നഗരങ്ങളാണ് സ്ത്രീകളുടെ ആരോഗ്യ സേവനങ്ങൾ തേടുന്നതിൽ മുൻപന്തിയിൽ.ആയുർവേദ ഡോക്ടർമാർക്കായുള്ള തിരച്ചിലും വലിയ തോതിൽ വർധിച്ചിട്ടുണ്ട്. രാജ്യത്താകെ 18 ശതമാനം വർധനവ് ഈ ചോദ്യവുമായി ബന്ധപ്പെട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ഡൽഹിയും(29%), മുംബൈയുമാണ്(21%) പരമ്പരാഗത രോഗശാന്തി രീതികളെക്കുറിച്ച് കൂടുതൽ അന്വേഷിക്കുന്നതെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.മെട്രോ നഗരങ്ങളെ അപേക്ഷിച്ച് നേരിട്ട് മെട്രോ നഗരങ്ങളാണ് ആരോഗ്യസംബന്ധമായ കാര്യങ്ങൾ തിരയുന്നതിൽ മുന്നിൽ. മെട്രോ നഗരങ്ങളിൽ ഈ വിഷയത്തെക്കുറിച്ച് തിരയുന്നവർ 15 ശതമാനം വർധിച്ചതായാണ് കണക്ക്. ഡൽഹി(20%), ഹൈദരാബാദ്(17%), ചെന്നൈ(16%) എന്നീ നഗരങ്ങളാണ് മുന്നിൽ. അതേസമയം, മെട്രോ ഇതര നഗരങ്ങളായ ചണ്ഡീഗഡ് (31%), ലഖ്നൗ (23%), സൂറത്ത് (22%) എന്നീ നഗരങ്ങൾ ആരോഗ്യസംരക്ഷണത്തിൽ കൂടുതൽ മെച്ചപ്പെട്ട അവബോധമുണ്ടാകുന്നതായി റിപ്പോർട്ടിൽ പറയുന്നു.

സ്വർണ വിലക്കയറ്റം; വീണ്ടും 57,000ന് മുകളിൽ

കൊച്ചി: പിടിതരാതെ സ്വർണവിലയുടെ ചാഞ്ചാട്ടം. സംസ്ഥാനത്ത് സ്വർണവിലയിൽ മാറ്റം. ഇന്നലെ ഒറ്റയടിക്ക് 480 രൂപ കുറഞ്ഞ സ്വർണ വില ഇന്ന് തിരിച്ചുകയറി വീണ്ടും 57000ന് മുകളിൽ എത്തി. ഇന്ന് പവന് 320 രൂപ വർധിച്ചതോടെയാണ് 57,000ന് മുകളിൽ എത്തിയത്. 57,040 രൂപയാണ് ഒരു പവൻ സ്വർണത്തിന്റെ വില. ഗ്രാമിന് 40 രൂപയാണ് വർധിച്ചത്. 7130 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

രണ്ടാഴ്ചയ്ക്കിടെ 3500 രൂപ ഇടിഞ്ഞ ശേഷം അതേപോലെ തിരിച്ചുകയറിയ സ്വർണവിലയിൽ പിന്നീട് ചാഞ്ചാട്ടമാണ് ദൃശ്യമാകുന്നത്. ഏറിയും കുറഞ്ഞും നിന്ന സ്വർണവില കഴിഞ്ഞ ദിവസം ഒറ്റയടിക്ക് 560 രൂപ വർധിച്ചു. പിന്നീട് രണ്ടു ദിവസങ്ങളിലായി 560 രൂപ കുറഞ്ഞ ശേഷമാണ് ഇന്ന് തിരിച്ചുകയറിയത്. അന്താരാഷ്ട്ര വിപണിയിലെ ചലനങ്ങളും ഓഹരി വിപണിയിലെ മാറ്റങ്ങളുമാണ് സ്വർണവിലയിൽ പ്രതിഫലിക്കുന്നത്.

ആലപ്പുഴയിലെ അപകട മരണം ഹൃദയഭേദകം

ആലപ്പുഴ ദേശീയ പാതയിൽ കളർകോട് ചങ്ങനാശ്ശേരി മുക്കിന് സമീപം കെഎസ്ആർടിസി ബസ്സും, കാറും കൂട്ടിയിടിച്ച് അഞ്ച് എംബിബിഎസ് വിദ്യാർത്ഥികളാണ് മരണപ്പെട്ടത്. കാറിലുണ്ടായിരുന്നവരിൽ രണ്ട് കുട്ടികളുടെ നില അതീവ ഗുരുതരമെന്നാണ് റിപ്പോർട്ടുകൾ. ഈ സംഭവം അങ്ങേയറ്റം ഹൃദയഭേദകമാണ്. നന്നായി പഠിച്ച് ഡോക്ടർമാരാവാനുള്ള ജീവിത യാത്രക്കിടയിലാണ് മരണം അവരെ തട്ടിയെടുത്തത്. അപകടം നടക്കുമ്പോൾ കനത്ത മഴയുണ്ടായതും, കാറിന്റെ നിയന്ത്രണം തെറ്റി ബസ്സിലേക്ക് ഇടിച്ചുമാണ് ഇവർ കൊല്ലപ്പെട്ടത്.

ഓരോ അപകട മരണവും അതീവ ദുഃഖകരമാണ്. മരണം യാഥാർത്ഥ്യമാണ്. അതിനോട് പൊരുത്തപ്പെട്ട് പോകൽ മാത്രമാണ് ജീവിച്ചിരിക്കുന്നവർക്ക് ചെയ്യാനുള്ളത്. ആലപ്പുഴയിലെ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസിന് പഠിക്കുന്ന വിദ്യാർത്ഥികളാണ് മരണപ്പെട്ടത്. ഭാവിയെക്കുറിച്ച് വലിയ സ്വപ്നങ്ങൾ നെയ്ത് ജീവിച്ച ഈ കുട്ടികളുടെ വിയോഗം സമൂഹത്തിന് കനത്ത നഷ്ടമാണ്. മക്കൾ നഷ്ടപ്പെട്ട മാതാപിതാക്കളുടേയും ഉറ്റവരുടെയും സങ്കടങ്ങൾക്ക് എന്ത് പരിഹാരമാണുള്ളത്. അവരെ ആശ്വസിപ്പിക്കാനാവാതെ തരിച്ചു നിൽക്കുകയാണ് നാടും നാട്ടുകാരും.

പലപ്പോഴുമുണ്ടാകുന്ന വാഹനാപകടത്തിന്റെ കാരണങ്ങൾ പരിശോധിക്കുമ്പോൾ അമിത വേഗതയും അശ്രദ്ധയും ഒരു ഘടകമാകുന്നതായി ബന്ധപ്പെട്ടവർ ചൂണ്ടിക്കാട്ടാറുണ്ട്. വേഗത ഒരൽപം കുറച്ചാൽ ഒന്നും നഷ്ടപ്പെടാനില്ല. ചിലപ്പോൾ ഒരൽപം സമയം വൈകിയെന്നിരിക്കും. എന്നാലും മറ്റ് കഷ്ടനഷ്ടങ്ങൾ ഉണ്ടാവില്ലല്ലോ.

ഡ്രൈവിംങ്ങിൽ ഇനിയും പരിഷ്ക്കാരങ്ങൾ, സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ നടപടികളുണ്ടാവണം. യാത്ര ചെയ്യുമ്പോൾ ഓരോ വ്യക്തിയും സുരക്ഷയെക്കുറിച്ച് നല്ല ബോധവാനാകുന്ന രീതിയിലുള്ള പഠനം ചെറുപ്രായത്തിൽത്തന്നെ സിലബസുകളിൽ ഉൾപ്പെടുത്തി കുട്ടികളെ പഠിപ്പിക്കണം. ഓരോ മരണങ്ങളും അപരിഹാര്യമായ നഷ്ടങ്ങളാണ്. ഡോക്ടർമാരാകേണ്ടിയിരുന്ന ഈ കുട്ടികൾക്ക് കണ്ണീരിൽ കുതിർന്ന ആദരാജ്ഞലികൾ.

ചരമം

സജീവൻ

പേരാമ്പ്ര: കോൺഗ്രസ് നേതാവ് എരവട്ടൂർ മണന്തല പി.സി. സജീവൻ (61) അന്തരിച്ചു. കോൺഗ്രസ് ബ്ലോക്ക് (7 സെക്രട്ടറി, നൊച്ചാട് മണ്ഡലം സെക്രട്ടറി, യൂത്ത് കോൺഗ്രസ് ബ്ലോക്ക് വൈസ് പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് നൊച്ചാട് മണ്ഡലം സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഭാര്യ: നിഷ. മക്കൾ: ചരിത്ര, ശലഭ്.

ലോഹിതാക്ഷൻ

കാരപ്പറമ്പ്: ഇയ്യംപറമ്പിൽ ലോഹിതാക്ഷൻ (85റിട്ട. ജൂനിയർ സൂപ്രണ്ട്, ല സോപ്പ്) അന്തരിച്ചു. ഭാര്യ: പത്തിങ്ങൽ ജയശ്രീ. മക്കൾ: ജിജിൽ ഐ. (ഇൻ ഫോസിസ്, യു.എസ്.), ശ്രീലജ. മരുമക്കൾ: ഡോ. സതീഷ് കുമാർ പി.കെ. (ചീഫ് മെഡിക്കൽ ഓഫീസർ), ഡോ തുഷാര. സഹോദരങ്ങൾ: ഭാരതി, മോഹൻദാ സ്, സുരേന്ദ്രബാബു, പരേതരായ പ്രഭാകരൻ ഐ,വിശ്വനാഥൻ, കോമളവല്ലി. സംസ്കാരം ചൊവ്വാഴ്ച രാവിലെ 10-ന് വെസ്റ്റ്ഹിൽ ശ്മശാനത്തിൽ. സഞ്ചയനം വ്യാഴാഴ്ച.

സഹദേവൻ

പുത്തൻപുരയിൽ സഹദേവൻ (74) അന്തരിച്ചു. ഭാര്യ ഗീത. മക്കൾ: സജീഷ്, സുധീഷ്, സംഗീത. മരുമക്കൾ: അനുരാജ്, നിമ്മി.

കനത്ത മഴയ്ക്കു സാധ്യത; മലയോരത്ത് യാത്രാനിയന്ത്രണം

കോഴിക്കോട് : തീവ്ര ന്യൂനമർദം തുടരുന്നതിനാൽ ജില്ലയിൽ ഇന്നും കനത്ത മഴ പെയ്യാൻ സാധ്യത. നഗരത്തിൽ ഇന്നലെ രാവിലെയും വൈകിട്ടും കനത്ത മഴ പെയ്തു. ഇന്നലെ വൈകിട്ട് വരെ 18 മില്ലിമീറ്റർ മഴ രേഖപ്പെടുത്തി. കുന്നമംഗലത്തു 4 മില്ലിമീറ്റർ, ഉറുമി പ്രദേശത്ത് 29.5 മില്ലിമീറ്റർ, വടകരയിൽ 46 മില്ലിമീറ്റർ, പെരുവണ്ണാമൂഴി ഡാം പ്രദേശത്തു 10 മില്ലിമീറ്റർ എന്നിങ്ങനെ മഴ പെയ്തു.നഗരത്തിൽ മാനാഞ്ചിറ, മാവൂർ റോഡ്, റെയിൽവേ സ്റ്റേഷൻ പരിസരം തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളക്കെട്ടുകൾ രൂപപ്പെട്ടു. മഴ പെയ്തതിനാൽ രാവിലെയും വൈകിട്ടും നഗരത്തിൽ ഗതാഗതം മന്ദഗതിയിലായി.

കക്കയം ഡാമിൽ ബ്ലൂ അലർട്ട്

കൂരാച്ചുണ്ട് ന്ന ഡാം വൃഷ്ടി പ്രദേശങ്ങളിൽ മഴ പെയ്തതിനെ തുടർന്ന് കക്കയം ജലവൈദ്യുത പദ്ധതിയുടെ കക്കയം, കുറ്റ്യാടി ജലസേചന പദ്ധതിയുടെ പെരുവണ്ണാമൂഴി ഡാമുകളിലും ജലനിരപ്പ് വർധിച്ചു. കക്കയം ഡാമിലെ ജലനിരപ്പ് ബ്ലൂ അലർട്ട് ലവൽ ആയ 755.70 മീറ്ററായി കൂടി. 757.50 മീറ്ററാണ് റെഡ് അലർട്ട്. അതിശക്തമായ മഴ പെയ്താൽ ഡാമിലെ ജലനിരപ്പ് വർധിക്കാൻ സാധ്യതയുള്ളതിനാൽ ബ്ലൂ അലർട്ട് പ്രഖ്യാപിച്ചു.

പെരുവണ്ണാമൂഴി ഡാമിലെ ജലനിരപ്പ് ഇന്നലെ 39.65 മീറ്റർ ആയി ഉയർന്നു. ഡാം മേഖലയിൽ ഇന്നലെ വൈകിട്ട് വരെ തീവ്രമഴ ഉണ്ടായിരുന്നില്ല. പെരുവണ്ണാമൂഴി പദ്ധതിയിൽ വൈദ്യുതി ഉൽപാദനവും മികച്ച തോതിൽ നടക്കുന്നുണ്ട്. കക്കയം, പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഇന്നലെ രാവിലെ തുറന്നിരുന്നു. എന്നാൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ കലക്ടറുടെ ഉത്തരവിനെ തുടർന്ന് 11.30ന് കക്കയം, കരിയാത്തുംപാറ, തോണിക്കടവ്, പെരുവണ്ണാമൂഴി ടൂറിസ്റ്റ് കേന്ദ്രങ്ങൾ അടച്ചു.

ഫ്രാൻസിസ് മാർപ്പാപ്പയുമായി കൂടിക്കാഴ്ച നടത്തി പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ

ഫ്രാൻസിസ് മാർപ്പാപ്പയുമായി കൂടിക്കാഴ്ച നടത്തി മുസ്ലിംലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ. റോമിൽ വെച്ചായിരുന്നു കൂടിക്കാഴ്ച. ലോക സർവ്വമത സമ്മേളനത്തിൽ പങ്കെടുക്കാനായാണ് സാദിഖലി തങ്ങൾ വത്തിക്കാനിലെത്തിയത്. ഫ്രാൻസിസ് മാർപ്പാപ്പ പങ്കെടുക്കുന്ന സമ്മേളനത്തിലേക്ക് ഇന്ത്യയിൽ നിന്നുള്ള പ്രതിനിധി ആയിട്ടാണ് സാദിഖലി തങ്ങൾ ക്ഷണിക്കപ്പെട്ടത്.പാണക്കാടിന്റെ പെരുമയിൽ നമുക്ക് അഭിമാനിക്കാമെന്ന് പി.കെ കുഞ്ഞാലിക്കുട്ടി ഫേസ്ബുക്കിൽ കുറിച്ചു.

വത്തിക്കാനിൽ ശിവഗിരി മഠം സംഘടിപ്പിച്ച സർവമത സമ്മേളനത്തിൽ മാർപ്പാപ്പ ആശിർവാദ പ്രഭാഷണം നടത്തിയിരുന്നു. ശ്രീനാരായണഗുരുവിന്റെ സന്ദേശത്തിന് ഏറെ പ്രസക്തിയുള്ള കാലമാണിതെന്ന് ഫ്രാൻസിസ് മാർപ്പാപ്പ കഴിഞ്ഞദിവസം പറഞ്ഞിരുന്നു. എല്ലാ വേർതിരിവുകൾക്കും അപ്പുറം ഒരു കുടുംബത്തിലെ അംഗങ്ങളാണ് മനുഷ്യർ എന്ന സന്ദേശമാണ് ശ്രീനാരായണഗുരു നൽകിയതെന്ന് ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞു.

നീറ്റ് ഫലം നാളെ വരെ സമർപ്പിക്കാം

തിരുവനന്തപുരം: ആയുർവേദ, ഹോമിയോ, സിദ്ധ, യുനാനി ബിരുദ കോഴ്സുകളിലേക്ക് അപേക്ഷിച്ചവർക്ക് നാളെ വരെ നീറ്റ് ഫലം സമർപ്പിക്കാം. ഫലം സമർപ്പിക്കാൻ നാളെ രാവിലെ 11 വരെയാണ് വെബ്സൈറ്റിൽ സൗകര്യം ഉണ്ടാകുക.

അപേക്ഷയോടൊപ്പം സമർപ്പിച്ച ഫോട്ടോ, ഒപ്പ്, നേറ്റിവിറ്റി, പത്താം ക്ലാസ് സർട്ടിഫിക്കറ്റ്, നാഷണാലിറ്റി എന്നിവയിൽ ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിക്കുന്നതിനും അപേക്ഷാ ഫീസ് അടയ്ക്കാനുണ്ടെങ്കിൽ അതിനും സൗകര്യമുണ്ടായിരിക്കും. വിശദവിവരങ്ങൾക്ക് www.cee.kerala.gov.in സന്ദർശിക്കുക.

'അകലം പാലിച്ചില്ല'; തൃപ്പൂണിത്തുറ ആന എഴുന്നള്ളിപ്പിൽ കേസ്

കൊച്ചി: തൃപ്പൂണിത്തുറ ശ്രീപൂർണത്രയീശ ക്ഷേത്രത്തിലെ ആന എഴുന്നള്ളിപ്പിൽ വനംവകുപ്പ് കേസെടുത്തു. ഹൈക്കോടതി മാർഗനിർദേശപ്രകാരമുള്ള അകലം പാലിച്ചില്ലെന്ന് ചൂണ്ടിക്കാട്ടി ക്ഷേത്രം ഭരണസമിതിക്കെതിരെയാണ് കേസെടുത്തത്. വനംവകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗമാണ് കേസ് രജിസ്റ്റർ ചെയ്തത്.

ആനകൾ തമ്മിൽ മൂന്ന് മീറ്റർ അകലവും ആനകളും ആളുകളും തമ്മിൽ എട്ടു മീറ്റർ അകലവും പാലിക്കണമെന്നാണ് ഹൈക്കോടതി ഉത്തരവ്. എന്നാൽ ശ്രീപൂർണത്രയീശ ക്ഷേത്രത്തിലെ വൃശ്ചികോത്സവത്തിൽ ഈ അകലം പാലിച്ചില്ലെന്ന് ചൂണ്ടിക്കാട്ടിയാണ് കേസെടുത്തത്. മഴ മൂലമാണ് മാർഗനിർദേശപ്രകാരമുള്ള അകലം പാലിക്കാനാകാതിരുന്നതെന്നാണ് ക്ഷേത്രം ഭാരവാഹികൾ പറയുന്നത്.

വൃശ്ചികോത്സവത്തിന്റെ ആദ്യ ദിവസം രാവിലെ വനംവകുപ്പ് ഉദ്യോഗസ്ഥർ എത്തി അളന്ന് തിട്ടപ്പെടുത്തിയതു പ്രകാരം നിശ്ചിത അകലത്തിലായിരുന്നു രാവിലെ കാഴ്ച ശീവേലി അടക്കം നടന്നത്. രണ്ടു നിരയായിട്ടായിരുന്നു ആനകളെ നിർത്തിയിരുന്നത്. വൃശ്ചികോത്സവത്തിന് 15 ആനകളെയാണ് എഴുന്നള്ളിക്കുന്നത്. ഉത്സവത്തിനായി ആനകളുടെ അകലം അടക്കമുള്ള മാർഗരേഖയിൽ ഇളവു തേടി ദേവസ്വം ഹൈക്കോടതിയെ സമീപിച്ചിരുന്നെങ്കിലും ഇളവ് അനുവദിച്ചിരുന്നില്ല.

ഇന്നത്തെ പരിപാടി

ഹോട്ടൽ പാരാമൗണ്ട് ടവർ എംഇഎസ്. പ്രസിഡന്റ് ഡോ.ഫസൽ ഗഫൂർ രചിച്ച എന്റെ വീക്ഷണം എന്റെ നിരീക്ഷണം' പുസ്തക പ്രകാശനം. പ്രതിപക്ഷ നേതാവ് വിഡി സതീശൻ.2.30.

കോർപ്പറേഷൻ സ്റ്റേഡിയം ഐലീഗ് ഫുട്ബോൾ മത്സരം ഗോകുലം കേരള എഫ്സി ഐസോൾ എഫ് സി 7.00

യുഎഇയിലെ ഏറ്റവും മനോഹരമായ ദേശീയ ആഘോഷം; സംഘാടകരെ അഭിനന്ദിച്ച് ദുബൈ ഭരണാധികാരി

ദുബൈ: യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം അൽ ഐനിലെ ജബൽ ഹഫീത്ത് ദേശീയ പാർക്കിൽ 53ാമത് യുഎഇ ദേശീയ ദിനത്തോടനുബന്ധിച്ച് നടന്ന ഔദ്യോഗിക ആഘോഷങ്ങളിൽ പങ്കെടുത്തതായി അറിയിച്ചു.സോഷ്യൽ മീഡിയ പോസ്റ്റിൽ ഷെയ്ഖ് മുഹമ്മദ് ആഘോഷത്തിന്റെ സംഘാടകർക്ക് നന്ദി അറിയിക്കുകയും ചെയ്തു.എന്റെ മകൾ ഷെയ്ഖ മറിയം ബിൻത് മുഹമ്മദ് ബിൻ സായിദിന്റെയും അവളുടെ ക്രിയേറ്റീവ് ടീമിന്റെയും നേതൃത്വത്തിൽ രാജ്യത്തെ ഏറ്റവും മനോഹരമായ ദേശീയ ആഘോഷം രൂപകൽപ്പന ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു. അവർക്ക് ഞങ്ങളുടെ നന്ദിയും അഭിനന്ദനവും അറിയിക്കുന്നു, ഷെയ്ഖ് മുഹമ്മദ് പോസ്റ്റു ചെയ്തു. നിങ്ങൾ അവിസ്മരണീയമായ സന്തോഷം സൃഷ്ടിച്ചു. എമിറേറ്റ്സിന്റെ ചരിത്രത്തിലെ മറക്കാനാവാത്ത മനുഷ്യരെയും നിമിഷങ്ങളെയും ഞങ്ങൾ നിങ്ങളോടൊപ്പം ഓർത്തു. അദ്ദേഹം കൂട്ടിച്ചേർത്തു.രാജ്യത്തിന്റെ യാത്രയും പൂർവികരുടെ ദർശനവും ഉയർത്തിക്കാട്ടുന്ന 40 മിനിറ്റ് നീണ്ട ഈദുൽ ഇത്തിഹാദ് ചടങ്ങിൽ പ്രസിഡന്റ് ഷെയ്ഖ് മുഹമ്മദ് ഉൾപ്പെടെയുള്ള മുതിർന്ന യുഎഇ അധികാരികൾ പങ്കെടുത്തു. സുപ്രീം കൗൺസിൽ അംഗവും ഫുജൈറ ഭരണാധികാരിയുമായ ഷെയ്ഖ് ഹമദ് ബിൻ മുഹമ്മദ് അൽ ഷർഖി ഉൾപ്പെടെയുള്ള യുഎഇ നേതൃത്വത്തിലെ പ്രധാന അംഗങ്ങൾ, സഊദ് ബിൻ റാഷിദ് അൽ മുഅല്ല, സുപ്രീം കൗൺസിൽ അംഗവും ഉമ്മുൽ ഖുവൈൻ ഭരണാധികാരിയുമായ ഡോ. സുപ്രീം കൗൺസിൽ അംഗവും റാസൽഖൈമ ഭരണാധികാരിയുമായ ഷെയ്ഖ് സൗദ് ബിൻ സഖർ അൽ ഖാസിമി, വൈസ് പ്രസിഡന്റും ഉപപ്രധാനമന്ത്രിയും പ്രസിഡൻഷ്യൽ കോർട്ട് ചെയർമാനുമായ ഷെയ്ഖ് മൻസൂർ ബിൻ സായിദ് അൽ നഹ്യാൻ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഖത്തർ ലോകകപ്പിന് ഉപയോഗിച്ച കാബിനുകളും ആർട്ടിഫിഷ്യൽ ഗ്രാസും ലേലത്തിൽ വിൽക്കുന്നു

ദോഹ: ഖത്തർ ലോകകപ്പിൽ താമസത്തിന് ഒരുക്കിയ കാബിനുകളും കൃത്രിമ പുല്ലുകളും ലേലത്തിന്. ലോകകപ്പ് കാലത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ കാണികൾക്ക് താമസത്തിനായി ഒരുക്കിയ കാബിനുകളാണ് ലേലത്തിന് വെച്ചിരിക്കുന്നത്. പൂർണമായും ഫർണിഷ് ചെയ്ത 105 കാബിനുകളും വലിയ അളവിൽ കൃത്രിമപുല്ലും ലേലത്തിന് വെക്കുന്നതായി പെരുതുമരാമത്ത് വിഭാഗമായ അഷ്ഗാൽ അറിയിച്ചു. ഡിസംബർ എട്ട് ഞായറാഴ്ച തുടങ്ങുന്ന ലേലം ഇവ കഴിയുന്നത് വരെ തുടരും. കാണികൾക്ക് താമസസൗകര്യം ഒരുക്കിയ ഫ്രീസോണിലെ അബു ഫണ്ടാസ് ഏരിയയിലാണ് ലേലം നടക്കുന്നത്. ഹമദ് അന്താരാഷ്ട്ര വിമാനത്താവളത്തിനും ഫ്രീസോൺ മെട്രോ സ്റ്റേഷനും അരികിലായാണ് ഈ സ്ഥലം. രാവിലെ എട്ട് മുതൽ 12വരെയും ഉച്ച മൂന്ന് മുതൽ അഞ്ചു വരെയുമാണ് ലേല സമയങ്ങൾ. സ്വദേശികൾക്കും പ്രവാസികൾക്കും ലേലത്തിൽ പങ്കെടുക്കാം. കൃത്രിമ പുല്ല് ഒന്നിച്ച് ഒറ്റ ലേലത്തിൽ വിൽക്കും. കാബിനുകൾ ഒന്നിച്ചോ ഓരോന്നായോ ലേലത്തിൽ എടുക്കാവുന്നതാണ്. 500 റിയാലാണ് ഒരു ലേലത്തിന്റെ നിക്ഷേപ തുക.

തണുപ്പുകാലത്ത് കൊളസ്ട്രോൾ നിയന്ത്രിക്കാൻ ശ്രദ്ധിക്കുക

ക്രിസ്മസ് ആഘോഷങ്ങൾക്കുള്ള മുന്നൊരുക്കത്തിലാണ് ലോകമെമ്പാടും. ഇതിനിടെ ഭക്ഷണക്കാര്യത്തിൽ പലപ്പോഴും കൺട്രോൾ വിടും. ഇത് നിയന്ത്രിച്ചു നിർത്തിയിരിക്കുന്ന കൊളസ്ട്രോളിന്റെ അളവു കുതിച്ചുയരാൻ കാരണമായേക്കും. കൂടാതെ ഡിസംബർ-ജനുവരി മാസങ്ങൾ എന്നാൽ മഞ്ഞ് കാലം കൂടിയാണ്. തണുപ്പ് കൂടുന്നത് ശരീരത്തിൽ വളരെ പെട്ടെന്ന് കോളസ്ട്രോൾ, രക്തസമ്മർദം എന്നിവ കൂടാനും ഹൃദയാഘാതത്തിനും പക്ഷാഘാതക്കിനുമുള്ള സാധ്യത വർധിപ്പിക്കാനും കാരണമായേക്കും.

തണുപ്പ് കാലത്ത് കൊളസ്ട്രോൾ വരുതിയിലാക്കാൻ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം.

1. വിറ്റാമിൻ ഡി

മഞ്ഞുകാലമായാൽ സൂര്യപ്രകാശമേൽക്കാനുള്ള സാധ്യത കുറവാണ്. ഇത് വൈറ്റമിൻ ഡിയുടെ അഭാവത്തിലേക്ക് നയിക്കും. കൊളസ്ട്രോൾ നിയന്ത്രിക്കുന്നതിന് ആവശ്യത്തിന് വൈറ്റമിൻ ഡി ശരീരത്തിൽ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. അതിനാൽ വിറ്റാമിൻ ഡി അടങ്ങിയ ഭക്ഷണങ്ങൾ ഡയറ്റിൽ ചേർക്കാൻ ശ്രദ്ധിക്കണം.

സാൽമൺ, അയല, ട്യൂണ, മത്തി തുടങ്ങിയ കൊഴുപ്പുള്ള മത്സ്യങ്ങളിൽ വിറ്റാമിൻ ഡി അടങ്ങിയിട്ടുണ്ട്. സൂര്യപ്രകാശം ഏൽക്കുന്ന കോഴികളിൽ നിന്നുള്ള മുട്ടകളും വിറ്റാമിൻ ഡിയുടെ നല്ല ഉറവിടമാണ്. ഫോർട്ടിഫൈഡ് പാൽ, ഓറഞ്ച് ജ്യൂസ്, ചീസ്, തൈര് തുടങ്ങിയവയിലും ചെറിയ അളവിൽ വിറ്റാമിൻ അടങ്ങിയിട്ടുണ്ട്.

2. ഉറക്കം

കൊളസ്ട്രോൾ നിയന്ത്രിച്ചു നിർത്തുന്ന മറ്റൊരു പ്രധാന ഘടകമാണ് ഉറക്കം. ദിവസവും ഏഴ് മുതൽ എട്ട് മണിക്കൂർ വരെ ഉറങ്ങണമെന്നാണ് ആരോഗ്യ വിദഗ്ധർ നിർദേശിക്കുന്നത്. ഇത് മാനസികാവസ്ഥയും മൊത്തത്തിലുള്ള ആരോഗ്യവും മെച്ചപ്പെടാൻ സഹായിക്കും. നിത്യവും ഒരേ സമയത്ത് ഉറങ്ങാനും ഉണരാനും ശ്രമിക്കുക.

3. സമ്മർദം

വിട്ടുമാറാത്ത സമ്മർദം കൊളസ്ട്രോൾ നിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാക്കാം. സമ്മർദം കുറയ്ക്കുന്നതിന് മെഡിറ്റേഷൻ, വ്യായാമം തുടങ്ങിയവ ശീലിക്കുന്നത് നല്ലതാണ്. സമ്മർദം കൂടുന്നത് ശരീരത്തിൽ വീക്കം ഉണ്ടാകാനും ഇത് ഹൃദ്രോഗ സാധ്യതയും വർധിപ്പിക്കും.

4. പച്ചക്കറികൾ

ശൈത്യകാലത്ത് പഴങ്ങളും പച്ചക്കറികളും ഭക്ഷണക്രമത്തിൽ നിന്നും ഒഴിവാക്കരുത്. സിട്രസ് പഴങ്ങൾ, ഇലക്കറികൾ, കാബേജ്, ബ്രൊക്കോളി, കാരറ്റ്, ബീൻസ്, ഉരുളകിഴങ്ങ് എന്നിങ്ങനെ വിറ്റാമിനുകളും ധാതുക്കളും നിറഞ്ഞ പച്ചക്കറികളും ആപ്പിൾ, പിയർ, മാതളനാരങ്ങ തുടങ്ങിയ പഴങ്ങളും കഴിക്കണം. ഇത് കൊളസ്ട്രോൾ നിയന്ത്രിക്കാൻ പ്രധാനമാണ്.

5. മുഴുവൻ ധാന്യങ്ങൾ

ഓട്സ്, ക്വിനോവ, ബാർലി, ബ്രൗൺ റൈസ് പോലുള്ള മുഴുവൻ ധാന്യങ്ങൾ ശീലമാക്കുന്നത് കൊളസ്ട്രോൾ നിയന്ത്രിക്കാൻ സഹായിക്കും. തണുപ്പ് കാലത്തെ മികച്ചൊരു പ്രഭാതഭക്ഷണമാണ് ഓട് മീൽ.

മെക്ക് സെവൻ ആരോഗ്യ കൂട്ടായ്മ നാടിന് ഗുണപ്രദം; പ്രൊഫ: ആയിഷ സപ്ന

ഫറോക്ക്:അടുത്തകാലത്തായി ജനപ്രിയമാകുന്ന മെക്ക് സെവൻ എക്സസൈസ് ആരോഗ്യരംഗത്ത് പുതിയ ചരിത്രം സൃഷ്ടിച്ചിരിക്കുകയാണെന്ന് ഫാറൂഖ് കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ ആയിഷ സ്വപ്ന അഭിപ്രായപ്പെട്ടു. അമിതാഹാരവും വ്യായാമക്കുറവും മൂലം സ്ത്രീ സമൂഹത്തിലാണ് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ കണ്ടു വരുന്നത്. എന്നാൽ മെക്ക് സെവൻ വ്യായാമ കൂട്ടായ്മ സ്ത്രീകളാണ് കൂടുതൽ ഉപയോഗപ്പെടുത്തുന്നത് എന്നത് സന്തോഷകരമാണ്. ഏത് പ്രായത്തിലുള്ളവർക്കും ചെയ്യാൻ കഴിയാവുന്ന തരത്തിലുള്ള ലളിതവും ബ്രീത്തിങ് എക്സർസൈസും ജീവിതശൈലീ രോഗമുക്തി നേടാൻ പര്യാപ്തമാണെന്ന് ആരോഗ്യ രംഗത്തുള്ളവർ തന്നെ സാക്ഷ്യപ്പെടുത്തിയതാണ്.

ആരോഗ്യരംഗത്ത് നവോന്മേഷം പകർന്ന മെക്ക് സെവൻ എക്സസൈസ് കോഴിക്കോട് സോൺ ഫോറിൽ ഉൾപ്പെടുന്ന ഫറോക്ക്, രാമനാട്ടുകര മുനിസിപ്പൽ പരിധിയിൽ പരിശീലിക്കുന്ന ആയിരത്തിലേറെ സഹോദരി സഹോദരന്മാർ ഒന്നിച്ച ണിനിരന്ന മെഗാ മീറ്റ് അൽ ഫാറൂഖ് ഓഡിറ്റോറിയത്തിലും ഗ്രൗണ്ടിലുമായാണ് നടന്നത്. ഫൗണ്ടർ റിട്ടയേഡ് ക്യാപ്റ്റൻ ഡോ. സലാഹുദ്ദീനും ബ്രാൻഡ് അംബാസഡർ ഡോ. അറക്കൽ ബാവയും ചേർന്ന് പരിശീലനത്തിന് നേതൃത്വം നൽകി.

അമേരിക്കൻ സെഡാർ ബ്രൂക്ക് യൂണിവേഴ്സിറ്റിയിൽ നിന്ന് ആരോഗ്യ രംഗത്തെ മികച്ച സാമൂഹ്യ സേവനത്തിനുള്ള ഡോക്ടറേറ്റ് ലഭിച്ച ഇരുവർക്കും

പ്രൊഫസർ ആയിശ സ്വപ്ന മെമന്റോ നൽകി. സോൺ ഫോർ കോഡിനേറ്റർ എസ്.പി.അബ്ദുൽ റഷീദ് അദ്ധ്യക്ഷത വഹിച്ചു. മെക്സവൻ ജില്ലാ കമ്മറ്റി അംഗം സി.രമേശും, റൗളത്തുൽ ഉലൂം അസോസിയേഷൻ ജനറൽ സിക്രട്ടറി പ്രൊഫസർ കുട്ട്യാലിക്കുട്ടിയും ആശംസകൾ അർപ്പിച്ചു. സംഘാടക സമിതി ചെയർമാൻ വി. എം .ഷെരീഫ് കോടമ്പുഴ, കോഡിനേറ്റർ കെ.ടി. ഹാരിസ്, വി.എം.ബഷീർ എന്നിവർ പ്രസംഗിച്ചു.

കോഴിക്കോട് ഐലീഗ്: ഗോകുലം കേരള എഫ് സി ഇന്ന് ഐസോളിനെതിരെ

കോഴിക്കോട് : ഐലീഗ് ഫുട്ബോളിൽ സീസണിലെ ആദ്യ ഹോം മത്സരത്തിൽ ഇന്ന് ഗോകുലം കേരള എഫ് സി മിസോറം ക്ലബായ ഐസ്വാൾ എഫ് സിയെ നേരിടും, രാത്രി 7 നു കോഴിക്കോട് ഇ എം എസ് സ്റ്റേഡിയത്തിൽ വച്ചാണ് മത്സരം. മത്സരം സോണി നെറ്റ്വർക്ക്,ചാനലുകളിൽ തത്സമയം കാണാവുന്നതാണ്.

ടിക്കറ്റ് നിരക്ക് സ്റ്റുഡന്റ്സ് 30, ഗ്യാലറി 50, വി ഐ പി 100 സ്ത്രീകൾക്ക് പ്രവേശനം സൗജന്യമാണ്. നിലവിൽ രണ്ടുവീതം മത്സരങ്ങളാണ് ഇരു ടീമുകളും കളിച്ചത് 4 പോയ്ന്റ്സ് നേടി മൂന്നാം സ്ഥാനത്താണ് ഗോകുലമിപ്പോൾ, അത്രതന്നെ പോയ്ന്റ്സ് ഉള്ള ഐസ്വാൾ നാലാം സ്ഥാനത്താണ്.

പരിചയ സമ്പത്തുള്ള മികച്ച ഇന്ത്യൻ താരങ്ങളുടെ കൂടെ വിദേശ താരങ്ങളും കൂടെ ചേരുമ്പോൾ ഗോകുലം കണക്കിൽ കരുത്തരാണ്, മറുവശത്തു ഇന്ത്യൻ താരങ്ങളുടെ ടീം മികവാണ് ഐസ്വാളിന്റെ മുഖമുദ്ര തങ്ങളുടേതായ ദിവസത്തിൽ ഏതു ടീമിനെയും തോൽപ്പിക്കാൻ കെൽപ്പുള്ളവരാണ് ഈ സ്ക്വാഡ്.

ആദ്യ മത്സരത്തിൽ ശ്രീനിധി ഡെക്കാനേ 3 -2 നു തോൽപ്പിച്ച ഗോകുലം രണ്ടാം മത്സരത്തിൽ റിയൽ കാശ്മീരിനോട് 1 -1 മാർജിനിൽ സമനില വഴങ്ങിയിരുന്നു. രണ്ടുമത്സരത്തിലും ഗോൾ ആദ്യം വഴങ്ങിയ ശേഷമാണ് ടീം തിരുച്ചു വരവ് നടത്തിയത്.

ടീമിന്റെ അറ്റാക്കിങ്ങിലെ പ്രധാനികളായ സ്പാനിഷ് പ്ലയെർ ആബേലഡോയും മാർട്ടിനും സുഹൈറും തുടങ്ങിയവരിലൂടെയുള്ള അറ്റാക്കിങ് ഫുട്ബോൾ ആണ് ടീമിന്റെ ശൈലി, "ഐസ്വാൾ മികച്ച ടീമാണ് അവരുടേതായ ദിവസങ്ങളിൽ എതിർ ടീമിന് യാതൊരു അവസരവും നൽകാതെ ജയിച്ചു കേറാൻ കഴിയുന്നവരാണ് അവർ, അതിനാൽ തന്നെ മറ്റേതൊരു മാച്ചിനെയും പോലെ ജയിച്ചു 3 പോയ്ന്റ്സ് നേടുകതന്നെയാണ് ടീമിന്റെ ലക്ഷ്യം".

എന്ന് ഗോകുലം കേരള'എഫ് സി ഹെഡ് കോച്ച് അന്റോണിയോ റുവേദ പറഞ്ഞു.

പ്ലെയർ ഓഫ് ദ ഇയർ ആയി ലൗട്ടാരോ മാർട്ടിനെസ്

2023 2024 സീരി എ പ്ലെയർ ഓഫ് ദ ഇയർ ആയി ലൗട്ടാരോ മാർട്ടിനെസ് തിരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ സീസണിൽ 24 ഗോളുകൾ നേടിയ മാർട്ടിനെസ് ലീഗിലെ ടോപ് സ്കോററായി ഇന്ററിനെ സീരി എ ട്രോഫിയിലേക്ക് നയിച്ചിരുന്നു.

തിങ്കളാഴ്ച ഇറ്റലിയിൽ നടന്ന ചടങ്ങിലാണ് അർജന്റീനക്കാരന് ഈ ട്രോഫി സമ്മാനിച്ചത്.സീസണിലെ സീരി എ ടീമിലും ഈ 27 കാരൻ ഉൾപ്പെടുത്തി, ലീഗിലെ ഏറ്റവും വിലയേറിയ കളിക്കാരനായി താരം തിരഞ്ഞെടുക്കപ്പെട്ടിരുന്നു.

നാനാത്വത്തിൽ ഏകത്വം നിലനിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം;തലശ്ശേരി കെ റഫീഖ്

ചാവക്കാട്: നാനാത്വത്തിൽ ഏകത്വം നിലനിർത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് കേരള മാപ്പിള കലാ അക്കാദമി കേന്ദ്ര കമ്മിറ്റി പ്രസിഡണ്ട് തലശ്ശേരി കെ.റഫീഖ്.

കേരള മാപ്പിള കലാ അക്കാദമി 25-ാം വാർഷികാഘോഷ പരിപാടിയുടെ ഭാഗമായി ചാവക്കാട് ഗ്രാമപഞ്ചായത്ത് ഹാളിൽ കേരള മാപ്പിള കലാ അക്കാദമി തൃശൂർ ജില്ല ചാപ്റ്റർ സംഘടിപ്പിച്ച കുടുംബ സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലാ മുഖ്യരക്ഷാധികാരി പിസി മുഹമ്മദ് കോയയുടെ അധ്യക്ഷത വഹിച്ചു.

അക്കാദമി കേന്ദ്രകമ്മിറ്റി അഡ്വൈസറി ബോർഡ് ചെയർമാൻ ടി. ചാമിയാർ, വർക്കിംഗ് പ്രസിഡണ്ട് സുബൈർ കൊളക്കാടൻ, മീഡിയ കൺവീനറും യുഎഇ ജനറൽ സെക്രട്ടറിയുമായ, മുസദ്ദിഖ് ഇത്തിക്കാട്ട്,പി എം എ ജബ്ബാർ കരുപ്പടന്ന, സുചിത്ര ടീച്ചർ,റഹ്മത്തുള്ള പാവറട്ടി, ലൈല റസാക്ക്, നൂറുദ്ദീൻ ഷാ അഞ്ചങ്ങാടി, റഫീഖ് അഴീക്കോട് എന്നിവർ ചടങ്ങിന് ആശംസകൾ നേർന്നു. സലീം ഗുരുവായൂർ സ്വാഗതവും കെ.കെ.സുബൈർ നന്ദിയും പറഞ്ഞു.

പിസി മുഹമ്മദ് കോയ മുഖ്യരക്ഷാധികാരി സൈനുദ്ദീൻ ഇരട്ടപ്പുഴ രക്ഷാധികാരി, മുസദ്ദിഖ് ഇത്തിക്കാട്ട് ഉപദേശക സമിതി ചെയർമാൻ, സലിം ഗുരുവായൂർ പ്രസിഡന്റ് നൂറുദ്ദീൻ അഞ്ചങ്ങാടി ജനറൽ സെക്രട്ടറി, റഫീഖ് അഴീക്കോട് ട്രഷറർ എന്നിവരെ ജില്ലാ ചാപ്റ്റർ സാരഥികളായും 25 പേർ അടങ്ങുന്ന സമിതിയെ എക്സിക്യൂട്ടീവ് അംഗങ്ങളായും ഐക്യകണ്ഠേന തിരഞ്ഞെടുത്തു.

മാഞ്ചസ്റ്റർ യുണൈറ്റഡിൽ അമദ് ദിയാലോ പുതിയ ദീർഘകാല കരാർ ഒപ്പുവെക്കും

മാഞ്ചസ്റ്റർ യുണൈറ്റഡും അമദ് ദിയാലോയുമായുള്ള പുതിയ ദീർഘകാല കരാറിനായുള്ള ചർച്ചകളിൽ കാര്യമായ പുരോഗതി കൈവരിക്കുന്നതായി റിപ്പോർട്ട്. ഐവേറിയൻ വിംഗർ ക്ലബിൽ തുടരുമെന്ന് ഉറപ്പാക്കിക്കൊണ്ട് 2024 അവസാനിക്കുന്നതിന് മുമ്പ് പുതിയ കരാർ അന്തിമമാക്കാനാണ് ക്ലബ് ലക്ഷ്യമിടുന്നത്. ദിയാലോയുടെ നിലവിലെ കരാർ 2026 വരെ നീട്ടുന്നതിനുള്ള നിലവിലുള്ള വ്യവസ്ഥ ആക്റ്റീവ് ആക്കുന്നതിന് മുമ്പുതന്നെ ഈ പുതിയ കരാർ താരം ഒപ്പുവെക്കും.

മാനേജർ റൂബൻ അമോറിമിന്റെ കീഴിൽ മികച്ച പ്രകടനമാണ് അമദ് ഇപ്പോൾ നടത്തുന്നത്. തന്റെ അവസാന നാല് സ്റ്റാർട്ടുകളിൽ രണ്ട് ഗോളുകളും നാല് അസിസ്റ്റുകളും സംഭാവന ചെയ്ത് മിന്നുന്ന ഫോമിലാണ് ഡിയല്ലോ. 22-കാരൻ അമോറിമിന്റെ ഫോർമേഷനിൽ അവിഭാജ്യ ഘടകമായി മാറുന്നുണ്ട്. ദീർഘകാലമായി മാഞ്ചസ്റ്റർ യുണൈറ്റഡിന് ഒപ്പം അമദ് ഉണ്ടെങ്കിലും ഈ സീസണിൽ ആണ് താരത്തിന് കഴിവ് തെളിയിക്കാൻ അർഹമായ അവസരം ലഭിച്ചത്.

ഓസ്കർ പ്രാഥമികപട്ടികയിൽ ഇടംപിടിച്ച് ആടുജീവിത്തിലെ ഗാനങ്ങളും ഒറിജിനൽ സ്കോറും

ഓസ്കർ പുരസ്കാരത്തിനുള്ള പ്രാഥമിക പട്ടികയിൽ ഇടം പിടിച്ച് മലയാളചിത്രം ആടുജീവിത്തിലെ ഗാനങ്ങളും ഒറിജിനൽ സ്കോറും. 'ഇസ്തിഗ്ഫർ', 'പുതുമഴ' എന്നീ പാട്ടുകളും ചിത്രത്തിന്റെ ഒറിജിനൽ സ്കോറുമാണ് പ്രാഥമിക പട്ടികയിൽ ഇടം പിടിച്ചത്.

ഓസ്കർ പുരസ്കാരത്തിന്റെ പ്രാഥമിക പട്ടികയിലേക്കുള്ളത് 89 മിച്ച ഒറിജിനൽ ഗാനങ്ങളും 146 മകച്ച സ്കോറുകളുമാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് പാട്ടുകളുടെ പട്ടികയിൽ അഞ്ചെണ്ണം കുറവുണ്ട്. ഡിസംബർ ഒൻപതിന് ആരംഭിക്കുന്ന വോട്ടിങ് ഡിസംബർ 13-ന് അവസാനിക്കും. ഇതിന് ശേഷം ഡിസംബർ 17-ന് ഷോർട്ട്ലിസ്റ്റുകൾ പ്രഖ്യാപിക്കും. 15 പാട്ടുകളും 20 ഒർജിനൽ സ്കോറുകളുമാണ് ചുരുക്കപ്പട്ടികയിൽ ഉണ്ടാകുക.



സ്വർണവും മൊബൈലും മോഷ്ടിച്ച ഉദ്യോഗസ്ഥൻ അറസ്റ്റിൽ

കൊല്ലം:വാറ്റ് കേസിൽ പിടിക്കപ്പെട്ട പ്രതിയുടെ വീട്ടിൽ നിന്ന് സ്വർണവും മൊബൈലും മോഷ്ടിച്ച എക്സൈസ് ഉദ്യോഗസ്ഥൻ പിടിയിൽ. ചടയമംഗലം എക്സൈസ് ഓഫീസിലെ സിവിൽ എക്സൈസ് ഓഫീസർ ഷൈജുവാണ് അറസ്റ്റിലായത്.

വാറ്റ് കേസിൽ പിടിക്കപ്പെട്ട അൻസാരിയുടെ വീട്ടിൽ നിന്നാണ് പരിശോധനയ്ക്കിടെ മോഷണം നടത്തിയത്. സ്വർണാഭരണങ്ങൾ, മൊബൈൽ ഫോൺ, ടോർച്ച് എന്നിവ മോഷ്ടിച്ചെന്നാണ് പരാതിയിലുള്ളത്.

ബാഡ്മിന്റൺ സൂപ്പർ താരം പിവി സിന്ധു വിവാഹിതയാകുന്നു

ഹൈദരാബാദ്: ഇന്ത്യൻ ബാഡ്മിന്റൺ താരം പിവി സിന്ധു വിവാഹിതയാകുന്നു. ഹൈദരാബാദ് സ്വദേശിയും പോസിഡെക്സ് ടെക്നോളജീസ് എന്ന സ്ഥാപനത്തിന്റെ എക്സ്ക്യൂട്ടീവ് ഡയറക്ടറുമായ വെങ്കടദത്ത സായ് ആണ് വരൻ. ഈ മാസം 22ന് ഉദയ്പുരിൽ വച്ചാണ് വിവാഹം. 24നു ഹൈദരാബാദിൽ വച്ച് സുഹൃദ് സത്കാരവും നടക്കും. സിന്ധുവിന്റെ പിതാവ് പിവി രമണയാണ് വിവാഹ കാര്യം വെളിപ്പെടുത്തിയത്. രണ്ട് കുടുംബങ്ങളും തമ്മിൽ വർഷങ്ങളായി പരിചയമുണ്ടെന്നു അദ്ദേഹം വ്യക്തമാക്കി. വിവാഹക്കാര്യം കഴിഞ്ഞ മാസമാണ് തീരുമാനമായതെന്നും

രമണ പറഞ്ഞു.

കഴിഞ്ഞ ദിവസം സയ്യിദ് മോദി അന്താരാഷ്ട്ര പോരിലെ കിരീട നേട്ടത്തിലൂടെ ഇടവേളയ്ക്ക് ശേഷം താരം ഫോമിലേക്ക് മടങ്ങിയെത്തിയിരുന്നു. പിന്നാലെയാണ് വിവാഹ തീയതിയും പുറത്തു വന്നത്. ജനുവരി മുതൽ താരം മത്സര രംഗത്ത് സജീവമാകുന്നതിന്റെ ഒരുക്കത്തിലാണ്. അതിനാലാണ് ഈ മാസം തന്നെ വിവാഹം നടത്തുന്നത്.

കോവിഡ് വാക്സിൻ യുവാക്കളിലെ മരണനിരക്ക് കൂട്ടിയോ?; സർക്കാർ കണക്കുകൾ ഇങ്ങനെ

തിരുവനന്തപുരം: കോവിഡ് 19 വാക്സിനേഷൻ യുവാക്കൾക്കിടയിൽ മരണനിരക്ക് വർധിക്കുന്നതിന് കാരണമാകുന്നു എന്ന പ്രചാരണം തെറ്റെന്നു തെളിയിച്ച് സർക്കാർ കണക്കുകൾ. 2019 നും 2023 നും ഇടയിൽ 35-44 പ്രായപരിധിയിലുള്ള യുവാക്കളുടെ ഇടയിൽ മരണനിരക്കിൽ കാര്യമായ മാറ്റമൊന്നും ഇല്ലെന്ന് സർക്കാർ കണക്കുകൾ വ്യക്തമാക്കുന്നതായി ദി ന്യൂ ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്യുന്നു.

ഈ പ്രായപരിധിയിലെ മരണനിരക്ക് താരതമ്യേന സ്ഥിരത പുലർത്തുകയാണ്. 2019ൽ 3.30 ശതമാനമാണ് മരണനിരക്ക്. ഇത് കോവിഡിന് മുൻപുള്ള കാലമാണ്. വാക്സിനേഷൻ എടുത്തതിന് ശേഷമുള്ള 2022, 2023 വർഷങ്ങളിൽ ഇത് യഥാക്രമം 3.13 ശതമാനം, 3.23 ശതമാനം എന്നിങ്ങനെയാണ്. 2020ലും 2021ലും മരണനിരക്ക് 3.29 ശതമാനവും 3.23 ശതമാനവുമാണ്.

വാക്സിൻ പാർശ്വഫലങ്ങൾ കാരണമാണ് യുവാക്കളിൽ ഹൃദയാഘാതം ഉണ്ടാവുന്നതെന്ന് പഠനങ്ങളിലൊന്നും തെളിയിച്ചിട്ടില്ല. മരണ നിരക്കു സംബന്ധിച്ച സർക്കാർ കണക്കുകളും ഈ പ്രായപരിധിയിലുള്ളവരുടെ മരണത്തെ വാക്സിനേഷനുമായി ബന്ധിപ്പിക്കാനാവില്ലെന്നാണ് വ്യക്തമാക്കുന്നത്.

സംസ്ഥാനത്ത് അകാലമരണങ്ങളെക്കുറിച്ച് കാര്യമായ പഠനങ്ങളൊന്നും നടന്നിട്ടില്ലെങ്കിലും ലഭ്യമായ മരണനിരക്ക് കണക്കുകൾ വാക്സിനുകൾ സുരക്ഷിതമാണെന്ന ആരോഗ്യ വിദഗ്ധരുടെ അവകാശവാദത്തെ പിന്തുണയ്ക്കുന്നു. കേരളത്തിൽ 18-44 പ്രായപരിധിയിലുള്ള 1,29,45,396 പേരാണ് കോവിഡ് -19 വാക്സിന്റെ ആദ്യ ഡോസ് സ്വീകരിച്ചത്. 1,08,60,254 പേർ വാക്സിന്റെ രണ്ടാം ഡോസും സ്വീകരിച്ചിട്ടുണ്ട്.

അടുത്തിടെ പ്രത്യേകിച്ച് ജോലി സമയത്തോ വ്യായാമ വേളയിലോ വ്യക്തമായ കാരണമില്ലാതെ യുവാക്കൾക്ക് മരണം സംഭവിക്കുന്നത് ഏറെ ചർച്ചകൾക്കു വഴിവച്ചിരുന്നു. കോവിഡ് വാക്സിനാണ് ഇതിനു കാരണം എന്നായിരുന്നു പലരും അവകാശപ്പെട്ടത്.

'ഏതെങ്കിലും ചെറുപ്പക്കാരൻ മരിച്ചാൽ വാക്സിൻ കാരണമാണെന്ന നിഗമനത്തിൽ എത്തുന്ന പ്രവണതയാണ് കണ്ടുവരുന്നത്. വാക്സിനുമായി ബന്ധപ്പെട്ട അപകടസാധ്യതകൾ നിലനിൽക്കുമെന്ന് കരുതുന്നതും തെറ്റാണ്. വാക്സിനേഷൻ യുവാക്കളിൽ ചില പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നതിന് തെളിവുകളുണ്ട്. എന്നാൽ ഈ കേസുകൾ വളരെ അപൂർവമാണ്. മരണനിരക്ക് അത് പ്രതിഫലിപ്പിക്കുന്നു'- ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിലെ എപ്പിഡെമിയോളജിസ്റ്റും എമറിറ്റസ് പ്രൊഫസറുമായ ഡോ. വി രാമൻകുട്ടി പറഞ്ഞു.

RNI No. 35157/10, Printer, Publisher & Chief Editer P.T. Nizar, Peoples Review, Lynwood (H) Pottangadi Raghavan Road, Opp. HP Petrol Pump, West Nadakkavu, Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.